www.societytodaynews.com

2024 NOVEMBER
23
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# തിരിച്ചുകയറി അദാനി ഗ്രൂപ്പ് ഓഹരികൾ

**മുംബൈ:** ചെയർമാൻ ഗൗതം അദാനിക്കും ഗ്രൂപ്പിലെ മറ്റ് ഉന്നതർക്കുമെതിരെ യുഎസ് നികുതിവകുപ്പ് കുറ്റപത്രം സമർപ്പിക്കുകയും അറസ്റ്റ് വാറന്റ് പുറപ്പെടുവിക്കുകയും ചെയ്തതോടെ തകർന്നടിഞ്ഞ അദാനി ഗ്രൂപ്പ് ഓഹരികളിൽ ഇന്നലെ കരകയറ്റം. ഇന്നത്തെ വ്യാപാരം ഉച്ചയ്ക്കത്തെ സെഷനിലേക്കു കടക്കുന്നതിനു മുമ്പ് അദാനി എനർജി സൊല്യൂഷൻസ് ഒഴികെയുള്ള കമ്പനികളുടെയും ഓഹരികൾ നേട്ടത്തിലാണുള്ളത്.



അദാനി എനർജി സൊല്യൂഷൻസ് 3.3% നഷ്ടത്തിൽ വ്യാപാരം ചെയ്യുന്നു. അംബുജ സിമന്റ് 5.06%, എസിസി 3.59%, ഗ്രൂപ്പിലെ മുഖ്യ കമ്പനിയായ അദാനി എന്റർപ്രൈസസ് 3.12%, അദാനി ഗ്രീൻ എനർജി 2.54%, അദാനി പോർട്സ് 1.53%, അദാനി ടോട്ടൽ ഗ്യാസ് 1.75% എന്നിങ്ങനെ നേട്ടത്തിലാണുള്ളത്. അദാനി പവർ 1.23%, അദാനി വിൽമർ 0.51%, എൻഡിടിവി 1.38% എന്നിങ്ങനെയും ഉയർന്ന് വ്യാപാരം പുരോഗമിക്കുന്നു. ഇന്നലെ അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരികൾ 25% വരെ നിലംപൊത്തുകയും സംയോജിത വിപണിമൂല്യത്തിൽനിന്ന് ഒറ്റ ദിവസം 2.25 ലക്ഷം കോടിയോളം രൂപ കൊഴിയുകയും ചെയ്തിരുന്നു.

സൗരോർജ കരാറുകൾ ലഭിക്കാൻ ഇന്ത്യയിലെ വിവിധ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി നേരിട്ട് ഇടപെട്ട് കൈക്കൂലി വാഗ്ദാനം ചെയ്തെന്നും ഇക്കാര്യം മറച്ചുവച്ച്, കമ്പനി സുതാര്യവും നിയമങ്ങൾ പാലിച്ചുമാണു പ്രവർത്തിക്കുന്നതെന്നു തെറ്റിദ്ധരിപ്പിച്ച് യുഎസ് നിക്ഷേപകരിൽനിന്നു മൂലധനം സമാഹരിച്ചെന്നും കാട്ടിയാണ് അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി ഉൾപ്പെടെയുള്ളവർക്കെതിരെ യുഎസ് നികുതി വകുപ്പ് വഞ്ചന, അഴിമതി, ക്രിമിനൽ ഗൂഢാലോചന കുറ്റങ്ങൾ ചാർത്തി കേസെടുത്തതും അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചതും. അദാനി ഗ്രൂപ്പ് യുഎസിലെ കടപ്പത്ര വിൽപനയും കേസിന്റെ പശ്ചാത്തലത്തിൽ റദ്ദാക്കി. 60 കോടി ഡോളർ (ഏകദേശം 5,000 കോടി രൂപ) സമാഹരിക്കാനുള്ള നീക്കമാണ് ഉപേക്ഷിച്ചത്.യുഎസ് നികുതിവകുപ്പ് ചുമത്തിയ കേസ് അടിസ്ഥാനരഹിതമാണെന്നും തെളിവുസഹിതം സ്ഥിരീകരിക്കാത്തിടത്തോളം ആരോപണവിധേയർ നിരപരാധിയാണെന്നും യുഎസിന്റെ നീക്കത്തിനെതിരെ നിയമവഴി തേടുമെന്നും അദാനി ഗ്രൂപ്പ് ഇന്നലെ പ്രസ്താവനയിറക്കിയിരുന്നു. പൂർണമായും നിയമങ്ങൾ അനുസരിച്ചും സുതാര്യമായുമാണ് കമ്പനിയുടെ പ്രവർത്തനമെന്നും ഗ്രൂപ്പ് പറഞ്ഞിരുന്നു. കേസെടുത്തുവെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ എസ് ആൻഡ് പി, മൂഡീസ് തുടങ്ങിയ റേറ്റിങ് എജൻസികൾ അദാനി ഗ്രൂപ്പിന്റെ റേറ്റിങ് താഴ്ത്തിയെങ്കിലും ഓഹരികളുടെ ഇന്നത്തെ വ്യാപാരത്തെ ഇത് ഉലച്ചിട്ടില്ല. ഹിൻഡൻബർഗ് ആരോപണം ഉൾപ്പെടെ കനത്ത തിരിച്ചടികളുണ്ടായ സാഹചര്യത്തിൽ വൻതോതിലുള്ള നിക്ഷേപവുമായി അദാനി ഗ്രൂപ്പ് ഓഹരികളുടെ 'രക്ഷയ്ക്കെത്തിയ' യുഎസ് സ്വകാര്യ ഇക്വിറ്റി സ്ഥാപനമാണ്, ഇന്ത്യൻ വംശജനായ രാജീവ് ജെയിൻ നയിക്കുന്ന ജിക്യുജി പാർട്ണേഴ്സ്. അദാനി ഗ്രൂപ്പിനെതിരായ യുഎസിന്റെ നീക്കത്തിനു പിന്നാലെ ഇന്നലെ ഓസ്ട്രേലിയൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ജിക്യുജിയുടെ ഓഹരിവിലയും 25% വരെ ഇടിഞ്ഞിരുന്നു.

ഇന്ന് ജിക്യുജിയുടെ ഓഹരിവില 15% തിരിച്ചുകയറിയിട്ടുണ്ട്. അദാനി ഗ്രൂപ്പിൽ കഴിഞ്ഞ ഓഗസ്റ്റ് വരെയുള്ള കണക്കുപ്രകാരം 80,000 കോടി രൂപയോളമാണ് ജിക്യുജി നിക്ഷേപിച്ചിട്ടുള്ളത്.

## ഇന്ത്യയിലേക്കുള്ള വിമാന യാത്രികർക്ക് ഇനി അധിക പരിശോധന ഇല്ല; നടപടി പിൻവലിച്ച് കാനഡ

**ഒട്ടാവ:** കാനഡയിൽ നിന്ന് ഇന്ത്യയിലേക്കുള്ള വിമാന യാത്രികർക്ക് അധിക പരിശോധന നടത്തുന്ന നടപടി പിൻവലിച്ച് കാനഡ. ജാഗ്രതയുടെ ഭാഗമായി അധിക പരിശോധന നിലവിൽ വന്ന് കുറച്ചു ദിവസങ്ങൾക്കു ശേഷമാണ് നടപടി. അധിക പരിശോധന പിൻവലിച്ചതായി കനേഡിയൻ ഗതാഗത മന്ത്രി അനിത ആനന്ദ് അറിയിച്ചു.

"താൽക്കാലിക അധിക സുരക്ഷാ പരിശോധന നടപടികൾ" മൂലം യാത്രക്കാർക്ക് കാലതാമസം നേരിട്ടേക്കാമെന്ന് കഴിഞ്ഞ തിങ്കളാഴ്ചയാണ് അനിത ആനന്ദ് പ്രസ്താവിച്ചത്. ഇക്കാര്യം വ്യക്തമാക്കി എയർ കാനഡ യാത്രക്കാർക്ക് നേരത്തേ വിമാനത്താവളത്തിൽ എത്തുന്നതിനായി മുന്നറിയിപ്പ് സന്ദേശവും അയച്ചിരുന്നു.

ഖലിസ്ഥാൻ നേതാവ് ഹർദീപ് സിങ് നിജ്ജറിന്റെ വധത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ബന്ധമുണ്ടെന്ന റിപ്പോർട്ട് നിഷേധിച്ച് കനേഡിയൻ സർക്കാർ രംഗത്തെത്തിയുരുന്നു. റിപ്പോർട്ട് വെറും ഊഹാപോഹമാണെന്നും തെറ്റാണെന്നും കനേഡിയൻ ദേശീയ സുരക്ഷാ, ഇന്റലിജൻസ് ഉപദേഷ്ടാവ് നതാലി ജി ഡ്രൂയിൻ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവർക്ക് കാനഡയിൽ നടന്ന കുറ്റകൃത്യങ്ങളുമായി ബന്ധമുണ്ടെന്ന് പേരു വെളിപ്പെടുത്താത്ത ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് കനേഡിയൻ മാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു. ഇന്ത്യ കാനഡ നയതന്ത്ര ബന്ധം വഷളാകുന്നതിനിടയിലാണ് കാനഡയുടെ ഭാഗത്തുനിന്ന് സുപ്രധാന നടപടികൾ ഉണ്ടാകുന്നത്.

## വെളുത്തുള്ളിക്ക് തീ വില; കിലോ ഗ്രാമിന് 440 രൂപ കടന്നു

**കോട്ടയം:** വെളുത്തുള്ളിയുടെ വില ഉയരുന്നു. കിലോഗ്രാമിന് 440 രൂപയാണിപ്പോൾ വെളുത്തുള്ളിക്ക് വില. ആറു മാസത്തിനിടെ 200 രൂപയോളമാണ് വെളുത്തുള്ളിയുടെ വില വർധിച്ചിരിക്കുന്നത്. മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഉത്പാദനം കുറഞ്ഞതാണ് വെളുത്തുള്ളി വില ഉയരാൻ കാരണം.

വിളവെടുപ്പു സമയത്ത് മഴ പെയ്യുകയും പിന്നീട് ചൂടു കൂടുകയും ചെയ്തതാണ് വെളുത്തുള്ളി കർഷകരെ പ്രതിസന്ധിയിലാക്കിയത്. ഇനി ഏപ്രിൽ വരെ തൽസ്ഥിതി തുടരാനാണ് സാധ്യതയെന്ന് കച്ചവടക്കാർ പറയുന്നു.




## തിരുവനന്തപുരം കൊച്ചി സർവീസുമായി എയർ ഇന്ത്യ എക്സ്പ്രസ്

**തിരുവനന്തപുരം:** തിരുവനന്തപുരത്തു നിന്നു കൊച്ചിയിലേക്ക് പുതിയ സർവീസ് ആരംഭിക്കാൻ എയർ ഇന്ത്യ എക്സ്പ്രസ്. ചൊവ്വ, ശനി ദിവസങ്ങളിൽ രാവിലെ 7:15 ന് പുറപ്പെടുന്ന വിമാനം 08:05 ന് കൊച്ചിയിൽ എത്തിച്ചേരും.

കൊച്ചിയിൽ നിന്ന് തിങ്കൾ, വെള്ളി ദിവസങ്ങളിൽ രാത്രി 11 മണിക്ക് പുറപ്പെട്ട് 11:50ന് വിമാനം തിരുവനന്തപുരത്തെത്തും.

തിരുവനന്തപുരംകൊച്ചി റൂട്ടിൽ ഇൻഡിഗോയുടെ പ്രതിദിന സർവീസിന് പുറമേയാണ് എയർ ഇന്ത്യ എക്പ്രസും സർവീസ് തുടങ്ങുന്നത്. പുതിയ സർവീസ് ശനിയാഴ്ച ആരംഭിക്കും.





ഡൗൺസിൻഡ്രോം ട്രസ്റ്റിന്റെ (ഡോസ്റ്റ് ) സിൽവർ ജൂബിലി സമ്മേളനം കലൂർ ഐ.എം.എ ഹൗസിൽ കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. വിവിൻ അബ്രാഹം, ഡോ.ജേക്കബ് അബ്രാഹം, ഡോ.ഷാജി തോമസ് ജോൺ, ഡോ. ഷിമ്മി പൗലോസ്, ഡോ. ജീസൺ സി. ഉണ്ണി, ടി. നാസർ ബാബു, ഡോ. സുരേഖ രാമചന്ദ്രൻ, നസ്റിൻ അഗ്ഫാ , ഡോ. എം. നാരായണൻ എന്നിവർ സമീപം

# ഡോസ്റ്റ് സിൽവർ ജൂബിലി സമ്മേളനത്തിന് തുടക്കമായി

**കൊച്ചി:** ഡൗൺസിൻഡ്രോം അവസ്ഥയിലുള്ള കുട്ടികളുടെ കരുതലിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന ഡൗൺസിൻഡ്രോം ട്രസ്റ്റിന്റെ (ഡോസ്റ്റ്) സിൽവർ ജൂബിലി സമ്മേളനത്തിന് കലൂർ ഐ.എം.എ ഹൗസിൽ തുടക്കമായി. ഡൗൺസിൻഡ്രോം കുട്ടികളുടെ കലാപരിപാടികളോടെ ആരംഭിച്ച സമ്മേളനം കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.ഡൗൺസിൻഡ്രോം കുട്ടികളേക്കാൾ അവരുടെ മാതാപിതാക്കളാണ് അനുഗ്രഹീതരെന്ന് മേയർ പറഞ്ഞു. മനസിനെ തളർത്തുന്ന അഭിപ്രായങ്ങളും അത് പറയുന്നവരെയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു. 2025 ഫെബ്രുവരിയിൽ നടക്കുന്ന ഡൗൺസിൻഡ്രോം നാഷണൽ ഗെയിംസിന് കൊച്ചിയുടെ മുഴുവൻ പിന്തുണയും മേയർ വാഗ്ദാനം ചെയ്തു.

ഡോസ്റ്റ് സപ്പോർട്ട് ഗ്രൂപ്പ് പ്രസിഡന്റ് ഡോ.ഷാജി തോമസ് ജോൺ അധ്യക്ഷത വഹിച്ചു. ഡൗൺസിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡി.എസ്.എഫ്.ഐ) പ്രസിഡന്റ് ഡോ. സുരേഖ രാമചന്ദ്രൻ മുഖ്യ അതിഥിയായിരുന്നു. ഐ.എ.പി സംസ്ഥാന പ്രസിഡന്റ് ഡോ. ഷിമ്മി പൗലോസ്, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.ജേക്കബ് അബ്രഹാം, ഐ.എ.പി കൊച്ചിൻ പ്രസിഡന്റ് ഡോ. വിവിൻ അബ്രാഹം, ഐ.എ.പി മുൻ പ്രസിഡന്റുമാരായ ഡോ. ജീസൺ സി. ഉണ്ണി, ഡോ. എം. നാരായണൻ, ഡോസ്റ്റ് സപ്പോർട്ട് ഗ്രൂപ്പ് സംസ്ഥാന സെക്രട്ടറി നസ്റിൻ അഗ്ഫാ, കോഴിക്കോട് പ്രസിഡന്റ് ടി. നാസർ ബാബു തുടങ്ങിയവർ സംസാരിച്ചു.

ഇന്ന് (നവംബർ 23, ശനി) രാവിലെ ഒമ്പതു മുതൽ ഡൗൺസിൻഡ്രോമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി വിവിധ വിഷയങ്ങളിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്ലാസുകൾ, പാനൽ ചർച്ച, സംശയം നിവാരണം എന്നിവ നടക്കും. തുടർന്ന് സമ്മേളനത്തിൽ മാതാപിതാക്കൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ, വെല്ലുവിളികൾ എന്നിക്രോഡീകരിച്ച് സർക്കാരിന് നിവേദനം സമർപ്പിക്കും. ഡൗൺസിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഐ.എം.എ കൊച്ചി, ഐ.എ.പി കേരള, കൊച്ചിൻ ചാപ്റ്ററുകൾ സംയുക്തമായിട്ടാണ് സമ്മേളനത്തിന് ആതിഥ്യം വഹിക്കുന്നത്.

# സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ 2024 ലെ സംസ്ഥാന ഭിന്നശേഷി പുരസ്കാരം ഉന്നത വിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു പ്രഖ്യാപിച്ചു. ക്യാഷ് അവാർഡും ട്രോഫിയും പ്രശംസാപത്രവും അടങ്ങുന്ന പുരസ്കാരങ്ങൾ ഡിസംബർ 3 ന് തൃശൂരിൽ നടക്കുന്ന സംസ്ഥാനതല ഭിന്നശേഷി ദിനാചരണത്തിൽ വിതരണം ചെയ്യുമെന്ന് പി ആർ ചേംബറിൽ നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

സർക്കാർ മേഖലയിലെ മികച്ച ജീവനക്കാർക്കുള്ള പുരസ്കാരത്തിന് ഡോ. ബീനകൃഷ്ണൻ എസ് കെ, എ മുജീബ് റഹ്മാൻ, കൊച്ചുനാരായണി, ഡോ.കെ.പി നിധീഷ് എന്നിവരും സ്വകാര്യ മേഖലയിലെ മികച്ച ജീവനക്കാർക്കുള്ള പുരസ്കാരത്തിന് മുഹമ്മദ് ജാബിറും സന്തോഷ് മേനോനും അർഹരായി. ഇരുപത്തി അയ്യായിരം രൂപ വീതമാണ് സമ്മാനത്തുക.

ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുന്ന മികച്ച സ്വകാര്യ മേഖലാ സ്ഥാപനമായി കെ വി എം ട്രസ്റ്റ് ചേർത്തലയും ഷാലിമാർ സ്റ്റേറ്റ്സ് തളിപ്പറമ്പും തിരഞ്ഞെടുക്കപ്പെട്ടു. ഭിന്നശേഷിക്കാരുടെ താൽപര്യങ്ങൾക്കായി പ്രവർത്തിക്കുന്ന മികച്ച സർക്കാരേതര സ്ഥാപന വിഭാഗത്തിൽ വയനാടിലെ എംമൗസ് വില്ല റെസിഡൻഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡെഡും കോഴിക്കോട്ടെ തണൽ കരുണ സ്കൂൾ ഫോർ ഡിഫറന്റ്‌ലി ഏബിൾഡ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും എറണാകുളത്തെ കേരള റീഹാബിലിറ്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഫിസിക്കലി അഫക്റ്റഡും പുരസ്കാരം നേടി. ഇരുപതിനായിരം രൂപ വീതമാണ് സമ്മാനത്തുക.

ശാരിക എ കെയും പി എ സൂരജും സംസ്ഥാനതല മാതൃകാ വ്യക്തിത്വങ്ങൾക്കുള്ള പുരസ്കാരത്തിനും ആൻ മൂക്കനും വചസ് രതീഷും മികച്ച സർഗാത്മക ബാലൻബാലികാ പുരസ്കാരത്തിനും അനു ബി യും മുഹമ്മദ് ആസിം പി യും മികച്ച കായിക പ്രതിഭാ പുരസ്കാരത്തിനും അർഹരായി. ദേശീയ അന്തർദേശീയ മികവിന് സജി തോമസും തെരഞ്ഞെടുക്കപ്പെട്ടു. ഇരുപത്തി അയ്യായിരം രൂപ വീതമാണ് സമ്മാനത്തുക.

മികച്ച ജില്ലാ പഞ്ചായത്തായി ആലപ്പുഴയും ജില്ലാ ഭരണകൂടമായി കാസർഗോഡും കോർപ്പറേഷനായി തിരുവനന്തപുരവും മുനിസിപ്പാലിറ്റിയായി നിലമ്പൂരും അവാർഡിനഹരായി. പെരുമ്പടപ്പും മതിലകവും മികച്ച ബ്ലോക്ക് പഞ്ചായത്തുകളായും കതിരൂർ, കാമാക്ഷി എന്നിവയും പുനരധിവാസ കേന്ദ്രമായി കോഴിക്കോട്ടെ പ്രതീക്ഷാ ഭവനും തിരഞ്ഞെടുക്കപ്പെട്ടു.

ആലപ്പുഴ ജില്ലാ പഞ്ചായത്തിനും കാസർഗോഡ് ജില്ലാ ഭരണകൂടത്തിനും ഒരു ലക്ഷം രൂപ വീതം സമ്മാനത്തുകയായി ലഭിക്കും. തിരുവനന്തപുരം കോർപ്പറേഷന് മുൻപ് ഈ പുരസ്കാരം ലഭിച്ചിട്ടുള്ളതിനാൽ സർട്ടിഫിക്കറ്റും പ്രശംസാപത്രവുമാണ് ലഭിക്കുക. നിലമ്പൂർ മുനസിപ്പാലിറ്റിക്ക് അൻപതിനായിരം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഇരുപത്തി അയ്യായിരം രൂപ വീതവും പുനരധിവാസ കേന്ദ്രത്തിന് അൻപതിനായിരം രൂപയും ലഭിക്കും.

ഭിന്നശേഷി സൗഹൃദ സർക്കാർ സ്വകാര്യ സ്ഥാപന വിഭാഗത്തിൽ ആലപ്പുഴ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും സെന്റ് ജോസഫ്സ് കോളേജ് ഇരിങ്ങാലക്കുടയും നൂതന ഗവേഷണ പദ്ധതികൾക്ക് റോബി ടോമിയും അർഹമായി. ഇരുപത്തി അയ്യായിരം രൂപയാണ് സമ്മാനത്തുക.

# ക്ഷേത്രഭൂമി കൈയ്യേറ്റക്കാർക്ക് നൽകുന്ന തീരുമാനം സർക്കാർ പിൻവലിക്കണം: വി.എച്ച്.പി

**കൊച്ചി:** അനധികൃതമായി കൈയ്യേറിയ ക്ഷേത്രഭൂമികൾക്ക് അദാലത്തിലൂടെ പട്ടയം നൽകാനുള്ള നടപടികൾ ഒരിക്കലും അനുവദിക്കില്ലെന്നും തീരുമാനത്തിൽ നിന്നും സർക്കാർ പിന്മാറിയില്ലെങ്കിൽ വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. അനധികൃത കൈയ്യേറ്റത്തിലൂടെ നിരവധി ക്ഷേത്രങ്ങൾക്കാണ് ഭൂമി നഷ്ടപ്പെടുന്നത്. നഷ്ടപ്പെട്ട ഭൂമി ക്ഷേത്രങ്ങൾക്ക് തിരിച്ചു കൊടുക്കാനുള്ള നടപടികൾക്ക് പകരം അത് കൈയ്യേറിയവർക്ക് തന്നെ നിയമാനുസൃതമാക്കി നൽകുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ക്ഷേത്ര ഭരണാധികാരികൾക്ക് വിവരങ്ങൾ പരിശോധിക്കാനോ എതിർ കക്ഷികൾ ഹാജരാക്കിയ രേഖകളുടെ സാധ്യത പരിശോധിക്കാനോ പോലും സമയം നൽകാതെയാണ് നടപടികൾ പൂർത്തിയാക്കുന്നത്. സാധാരണ ദേവസ്വം ഭൂമി കൈയ്യേറ്റ വിഷയങ്ങൾ അദാലത്തുകളിലൂടെ തീർപ്പുകൽപ്പിക്കാറില്ല.കോടതികളാണ് കേസിൽ തീർപ്പു കൽപ്പിക്കുന്നത്. ഇതിനു വിപരീതമായി അദാലത്തുകൾ നടത്തി ഭൂമി വിട്ടു നൽകുന്നതിലൂടെ സർക്കാർ കൈയ്യേറ്റർക്കാർക്ക് ഒത്താശ ചെയ്യുന്നുവെന്നാണ്വ്യക്തമാക്കപ്പെടുന്നത്. സർക്കാർ ഇരട്ടത്താപ്പ് അവസാനിപ്പിക്കണമെന്നും ക്ഷേത്രങ്ങളുടെ ഭൂമി ക്ഷേത്രങ്ങൾക്കു നൽകണമെന്നും വി.എച്ച്.പി നേതാക്കൾ ആവശ്യപ്പെട്ടു.



വിവിധ ഹൈന്ദവ സംഘടനകളും ഭക്തജനങ്ങളും ചേർന്ന് പാവക്കുളത്തെ വിശ്വഹിന്ദു പരിഷത്തിന്റെ സംസ്ഥാന കാര്യാലയത്തിൽ സംഘടിപ്പിച്ച ഹൈന്ദവ കൂട്ടായ്മയിൽ തത്തപ്പിള്ളി ക്ഷേത്രത്തിലെ ക്ഷേത്രപൂജാരി വിഷ്ണു ശാന്തിയെ ആർ.എസ്.എസ്. പ്രചാരകനും സീമാ ജാഗരൺ മഞ്ച് ദേശീയ രക്ഷാധികാരിയുമായ എ.ഗോപാലകൃഷ്ണൻ പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ. വി.ശ്രീകുമാർ ,എൻ.എസ്.ബാബു എന്നിവർ സമീപം

# ക്ഷേത്ര പൂജാരിയെ അധിക്ഷേപിച്ചത് അംഗീകരിക്കാൻ കഴിയില്ല : എ.ഗോപാലകൃഷ്ണൻ

**കൊച്ചി:** തത്തപ്പിള്ളി ക്ഷേത്രത്തിൽ ക്ഷേത്രപൂജാരിയായ വിഷ്ണു ശാന്തിക്ക് നേരെ ഉണ്ടായ ജാതീയമായ അധിക്ഷേപം ഹൈന്ദവ ജനതയുടെ മഹത്തായ ദർശനത്തിന് നേരെ ഉണ്ടായ അവഹേളനമാണെന്നും ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും ആർ.എസ്.എസ്. പ്രചാരകനും സീമാ ജാഗരൺ മഞ്ച് ദേശീയ രക്ഷാധികാരിയുമായ എ.ഗോപാലകൃഷ്ണൻ വ്യക്തമാക്കി. വിവിധ ഹൈന്ദവ സംഘടനകളും ഭക്തജനങ്ങളും ചേർന്ന് പാവക്കുളത്തെ വിശ്വഹിന്ദു പരിഷത്തിന്റെ സംസ്ഥാന കാര്യാലയത്തിൽ സംഘടിപ്പിച്ച ഹൈന്ദവ കൂട്ടായ്മയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിന്ദുക്കളിൽ പതിതരായി ആരുമില്ല എന്നതാണ് ഹിന്ദു ദർശനം. അവഹേളനത്തിനിരയായ വിഷ്ണു ശാന്തിയെ ചേർത്തു പിടിക്കുന്നതിനൊപ്പം സംഭവത്തെ സമുദായങ്ങൾ തമ്മിലുള്ള സംഘർഷത്തിന് ഇടയാക്കി ചോര കുടിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ നീക്കങ്ങൾക്ക് നേരെ ഹിന്ദു സമുദായം ജാഗ്രത പുലർത്തണമെന്നും അദ്ദേഹം വ്യക്തമാക്കി. ചടങ്ങിൽ വിഷ്ണു ശാന്തിയെ ആദരിച്ചു.വിശ്വഹിന്ദു പരിഷത് സംസ്ഥാന ട്രഷറർ വി.ശ്രീകുമാർ ,ആർ.എസ്.എസ് വിഭാഗ് കാര്യവാഹ് എൻ.എസ്.ബാബു തുടങ്ങിയവർ സംസാരിച്ചു.

# ബാഫ്റ്റ ബ്രേക്ക്ത്രൂ 2024 പ്രതിഭകളെ പ്രഖ്യാപിച്ചു

**കൊച്ചി:** ബ്രിട്ടീഷ് അക്കാദമി ഓഫ് ഫിലിം ആൻഡ് ടെലിവിഷൻ (ബാഫ്റ്റ) സിനിമ, ടെലിവിഷൻ, ഗെയിം മേഖലകളിൽ നിന്നുള്ള പ്രതിഭകളെ പ്രഖ്യാപിച്ചു. നെറ്റ്ഫ്ളിക്സ് പിന്തുണയുള്ള ബാഫ്റ്റ ബ്രേക്ക്ത്രൂ 2024ൽ യുകെ, യുഎസ്എ, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള 43 പ്രതിഭകളാണുള്ളത്. ഇതിൽ 9 പേർ ഇന്ത്യയിൽ നിന്നുള്ളവരാണ്. അഭിനവ് ചൊക്കവാടിയ, ക്രിസ്റ്റോ ടോമി, ദീപാ ഭാട്ടിയ, ധിമൻ കർമകർ, ജയ്ദീപ് സർക്കാർ, മോനിഷാ ത്യാഗരാജൻ, നീരജ് കുമാർ, സിന്ധു ശ്രീനിവാസ മൂർത്തി, വരുൺ ഗ്രോവർ എന്നിവരാണ് ഇന്ത്യയിൽ നിന്നുള്ള പ്രതിഭകൾ.

# കെ ഫൈ കേരള വൈഫൈ

# എറണാകുളം ജില്ലയിൽ 221 ലൊക്കേഷനുകളിൽ

**കൊച്ചി:** കേരളാ സ്റ്റേറ്റ് ഐടി മിഷന്റെ നേതൃത്വത്തിൽ പൊതുഇടങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കുന്ന കെ വൈഫൈ പദ്ധതി പ്രകാരം നിലവിൽ ജില്ലയിലെ 221 ലൊക്കേഷനുകളിൽ സൗജന്യ വൈഫൈ സേവനം ലഭ്യമാകും.

സംസ്ഥാനമൊട്ടാകെ 2023 പൊതു ഇടങ്ങളിലാണ് സൗജന്യ വൈഫൈ ലഭിക്കുന്നത്. കേരള വൈഫൈ കണക്ഷൻ ലഭിക്കുന്നതിനായി കേരള ഗവണ്മെന്റ് വൈഫൈ സെലക്ട് ചെയ്തതിനു ശേഷം കെ ഫൈ എന്ന് സെലക്ട് ചെയ്യുമ്പോൾ ലാൻഡിങ്ങ് പേജിൽ മൊബൈൽ നമ്പ4 കൊടുത്ത് ഒ ടി പി ജനറേറ്റ് ആകുകയും 1 ജിബി സൗജന്യ വൈഫൈ ലഭിക്കുകയും ചെയ്യും.

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത പൊതുഇടങ്ങളിൽ സൗജന്യ വൈഫൈ ലഭിക്കും. ബസ് സ്റ്റാൻഡുകൾ, ജില്ലാ ഭരണകേന്ദ്രങ്ങൾ, പഞ്ചായത്തുകൾ, പാർക്കുകൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, ജനസേവന കേന്ദ്രങ്ങൾ തുടങ്ങി ജില്ലാ ഭരണകൂടം തിരഞ്ഞെടുത്ത ഇടങ്ങളിൽ ആണ് വൈഫൈ സംവിധാനം നടപ്പാക്കുന്നത്. സേവന ദാതാവായ ബി എസ് എൻ എൽ ന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തീരദേശ മേഖലയിലും സേവനം ലഭിക്കും.

പൊതു ജനങ്ങൾക്ക് മൊബൈലിലും ലാപ് ടോപ്പിലും സൗജന്യമായി ദിവസേന ഒരു ജിബി വരെ 10 എംബിപിഎസ് വേഗതയോടു കൂടി ഉപയോഗിക്കാം. ഈ പരിധി കഴിഞ്ഞാൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റീചാർജ് കൂപ്പൺ /വൗച്ചർ ഉപയോഗിച്ച് വൈ ഫൈ സേവനം തുടർന്നും ഉപയോഗിക്കാം. എന്നാൽ 1 ജിബി ഡാറ്റാ പരിധി കഴിഞ്ഞാലും സർക്കാർ സേവനങ്ങൾ പരിധിയില്ലാതെ സൗജന്യമായി തന്നെ ലഭിക്കും. കെ ഫൈ യുടെ പരിധിക്കുള്ളിൽ എത്തുമ്പോൾ വൈഫൈ ഓൺ ചെയ്തു മൊബൈൽ നമ്പർ കൊടുത്തു ലോഗിൻ ചെയ്ത് അതിവേഗ ഇൻറർനെറ്റ് സംവിധാനം ഉപയോഗിക്കാം.

ഓരോ കേന്ദ്രത്തിലും തുടക്കത്തിൽ രണ്ട് വൈ ഫൈ അക്സസ്സ് പോയിന്റുകളും 10 എം ബി പി എസ് ബാൻഡ് വിഡ്ത്തുമാണ് നൽകിയിരിക്കുന്നത്. ഉപയോഗം വിലയിരുത്തിയ ശേഷം ഇതിൽ പിന്നീട് വർധന വരുത്തും. ഒരേ സമയം ഒരു ഹോട്ട് സ്പോട്ടിൽ നിന്നും 100 പേർക്ക് ഉപയോഗിക്കാവുന്ന രീതിയിലാണ് ക്രമീകരണം. സംസ്ഥാന ഡാറ്റ സെന്ററിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ സർക്കാർ വെബ്സൈറ്റുകളും മൊബൈൽ ആപ്ളിക്കേഷനുകളും പരിധി ഇല്ലാതെ ലഭിക്കും. വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ടിക്കറ്റ് ബുക്കിംഗ്, ഹോട്ടൽ സംബന്ധമായ വിവരങ്ങൾ തുടങ്ങിയവയും ലഭിക്കും. വ്യത്യസ്ത ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ പ്ലാറ്റ്ഫോമുകൾ / ലാപ്ടോപ്പ് ഉപകരണങ്ങളിൽ വയർലെസ് ആക്സസ് ലഭ്യമാണ്. സൗജന്യ വൈഫൈയിലേക്ക് ലോഗിൻ ചെയ്യാൻ ലളിതവും ഉപയോക്തൃ സൗഹൃദവുമായ ഇന്റർഫേസ് നൽകിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ പിന്തുണയോടെ ഹെൽപ്പ്ഡെസ്ക് ലഭ്യമാണ്. കൂടാതെ, സേവനത്തിന്റെ ലഭ്യതയും ഗുണനിലവാരവും അവലോകനം ചെയ്യുന്നതിനുള്ള നിരീക്ഷണ സംവിധാനമുണ്ട്.സംസ്ഥാനത്തൊട്ടാകെ ഒരേസമയം 1,00,000 ലധികം ഉപയോക്താക്കൾക്ക് പബ്ലിക് വൈഫൈയിലൂടെ സേവനങ്ങൾ ലഭിക്കും. പ്രതിദിനം ശരാശരി 40,000 സന്ദർശകർ ഈ സേവനം ഉപയോഗിക്കുന്നു.

ഡാറ്റാ ചാർജുകളുമായി ബന്ധപ്പെട്ട സുസ്ഥിരതയാണ് പ്രോജക്റ്റിന്റെ പ്രത്യേകത. ഡാറ്റാ ഉപയോഗത്തിനായുള്ള ഭാവിയിലെ വിലവർദ്ധനവിനെതിരായുള്ള നിയന്ത്രണ സംവിധാനമായി പ്രോജക്റ്റ് പ്രവർത്തിക്കുന്നു. നിലവിലെ ഹോട്ട്സ്പോട്ട്കളിൽ ഉപയോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർധനവിന്റെ അടിസ്ഥാനത്തിൽ ബാൻഡ് വിഡ്ത്തും ആക്സസ്സ് പോയിന്റുകളുടെ എണ്ണവും അന്തിമമാക്കും.

ഇന്റർനെറ്റ് അവകാശമാക്കുക എന്ന നയത്തിന്റെയും സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസ രഹിതവും ആക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് കെ ഫൈ.

# പ്രബുദ്ധതയുള്ള തലമുറയെ വാർത്തെടുക്കാൻ വിദ്യാഭ്യാസ രംഗത്ത് കേരളം മാതൃകയെന്ന് മന്ത്രി വി.ശിവൻകുട്ടി

### സ്കൂളുകളിൽ ബഹുനില മന്ദിരങ്ങളുടേയും ലാബ് ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു

**തിരുവനന്തപുരം:** സ്കൂൾ വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും കേരള മാതൃക കേവലം സ്ഥാപനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, ശാക്തീകരിക്കപ്പെട്ട, പ്രബുദ്ധതയുള്ള വ്യക്തികളെ പരിപോഷിപ്പിക്കൽ കൂടിയാണെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. അക്കാദമിക് പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി ജില്ലയിലെ മൂന്ന് സ്കൂളുകളിലായി പുതുതായി നിർമ്മിച്ച ബഹുനില മന്ദിരങ്ങളുടേയും ഹയർ സെക്കന്ററി ലാബ് ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാരമ്പര്യത്തോടൊപ്പം പുതുമയും സമത്വവും മികവും വിദ്യാഭ്യാസവും സുസ്ഥിരതയും സന്തുലിതമാക്കുന്ന മാതൃകയാണ് കേരളം പിന്തുടരുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരള മാതൃക എന്നത് കാലത്തിനനുസരിച്ച് വികസിക്കുന്ന ഒന്നാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ സ്വീകരിക്കുമ്പോൾ, ഭാവിയിലേക്ക് വിദ്യാർത്ഥികളെ സജ്ജരാക്കാൻ നമ്മുടെ സ്കൂളുകൾ സജ്ജമാകണം. അടിസ്ഥാന സൗകര്യ വികസനം ഒരു ലക്ഷ്യത്തിലേക്കുള്ള ഒരു ഉപാധി മാത്രമല്ല; അത് നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങളിലും അഭിലാഷങ്ങളിലുമുള്ള നിക്ഷേപമാണ്. നമ്മുടെ ക്ലാസ് മുറികളിൽ വിപ്ലവം സൃഷ്ടിക്കുന്നതിനും അവയെ നവീകരണത്തിന്റെയും പഠനത്തിന്റെയും കേന്ദ്രമാക്കി മാറ്റുന്നതിനുമായി നിരവധി പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

മിതൃമ്മല ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി വിനിയോഗിച്ച് നിർമ്മിച്ച ഹയർ സെക്കന്ററി ലാബ് ബ്ലോക്കിന്റെയും നെടുമങ്ങാട് കൊല്ല, ഭരതന്നൂർ ഗവ: എൽ.പി സ്കൂളുകളിലും പൊതുവിദ്യാഭ്യാസ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച ബഹുനില മന്ദിരങ്ങളുടേയും ഉദ്ഘാടനം മന്ത്രി നിർവ്വഹിച്ചു.

മൂന്ന് സ്കൂളുകളിലായി നടന്ന ചടങ്ങുകളിൽ ഡി.കെ മുരളി എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം, വാമനപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഒ,ശ്രീവിദ്യ, പാങ്ങോട് ?ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം.എം ഷാഫി, കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.ജെ ലിസി, ഗ്രാമബ്ലോക്ക് പഞ്ചായത്ത് അം?ഗങ്ങൾ, സ്കൂൾ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** എളമക്കര വിവേകാന്ദാ റെസിഡൻസ് അസോസിയേഷൻ ആസ്റ്റർ മെഡിസിറ്റി, ലൈവ് ലാബ്, ഡോക്ടർ അഗർവാൾ ഐ ലാബ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ, ഹെൽത്ത് ചെക്ക് അപ്പ് നേത്ര പരിശോധന ക്യാമ്പ് ,സംഘടിപ്പിക്കുന്നു. 24ന് രാവിലെ 7 മുതൽ ഉച്ച 12 വരെയുള്ള ക്യാമ്പ് ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്യും. ടി ജെ വിനോദ് എംഎൽഎ, കൗൺസിലർ സീന ടീച്ചർ എന്നിവർ പങ്കെടുക്കും .ആസ്റ്റർ മെഡിസിറ്റി ഡോക്ടർമാരുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവത്കരണവും തദവസരത്തിൽ ഉണ്ടായിരിക്കുന്നതാണ്.

പങ്കെടുക്കാൻ താല്പര്യമുള്ളവർ വിവേകാനന്ദാ നഗർ പരിധിയിലുള്ള ഡ്രീം ഫ്ലവർ സെലെസ്റ്റ അപ്പാർട്മെന്റിൽ അന്നേദിവസം രാവിലെ എത്തിച്ചേരേണ്ടതാണെന്ന് ഭാരവാഹികൾ അറിയിച്ചു. വിവരങ്ങൾക്ക് സെക്രട്ടറി ഫോൺ: 9447777085

## കാണാതായ മൂക്കുത്തിയുടെ ഭാഗം ശ്വാസകോശത്തിൽ നിന്ന് പുറത്തെടുത്തു

**കൊച്ചി:** കൊച്ചി മുണ്ടംവേലി സ്വദേശിനിയായ 44 വയസ്സുകാരിയുടെ ശ്വാസകോശത്തിൽ നിന്നാണ് കാണാതായ മൂക്കുത്തിയുടെ ഭാഗം പുറത്തെടുത്തത്.വിട്ടുമാറാത്ത പനിയും ചുമയുമായി കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയപ്പോൾ എടുത്ത എക്സ്റേയിലാണ് നാലുവർഷം മുൻപ് കാണാതായ മൂക്കുത്തിയുടെ ചങ്കിരി വലത്തെ ശ്വാസകോശത്തിന്റെ കീഴ്ഭാഗത്ത് തറച്ചിരിക്കുന്നതായി കണ്ടെത്തിയത്. തുടർന്നാണ് വിദഗ്ദ ചികിത്സക്കായി രോഗി അമൃത ആശുപത്രിയിലെത്തിയത്.അമൃത ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ മേധാവി ഡോ.അസ്മിത മേത്തയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം ശസ്ത്രക്രിയ കൂടാതെ തന്നെ ഫൈബ്രോപ്റ്റിക് ബ്രോങ്കോസ്കോപ്പി വഴി മൂക്കുത്തിയുടെ ഭാഗം ശ്വാസകോശത്തിൽ നിന്ന് പുറത്തെടുത്തു. രണ്ടുദിവസത്തെ വിശ്രമത്തിനുശേഷം യുവതി ആശുപത്രി വിട്ടു.

## സംസ്ഥാന ജൂനിയർ കബഡി ചാമ്പ്യൻഷിപ്പ്

**കൊച്ചി:** കേരള സംസ്ഥാന കബഡി ടെക്നിക്കൽ കമ്മിറ്റിയും എറണാകുളം പൂക്കാട്ടുപടി കെ.എം.ഇ.എ എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി സംഘടിപ്പിക്കുന്ന 50ാ മത് സംസ്ഥാന ജൂനിയർ കബഡി (ബോയിസ് ആന്റ് ഗേൾസ്) ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ നവംബർ 23, 24 തീയതികളിൽ കെ.എം.ഇ.എ ഇൻഡോർ ഗ്രൗണ്ടിൽ നടക്കും. കേരളത്തിലെ 14 ജിലകളിൽ നിന്നുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ടീമുകൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. ഉത്തർഖണ്ഡിൽ ഡിസംബർ 28 മുതൽ നടക്കുന്ന നാഷണൽ കബഡി ചാമ്പ്യൻഷിപ്പിനുള്ള കേരളാ ടീമിനെ ഈ മത്സരങ്ങളിൽ നിന്നാണ് തെരെഞ്ഞെടുക്കുന്നത്. പെൺകുട്ടികളുടെ മത്സരം നവംബർ 23 രാവിലെ 10.30 മണിക്ക് എറണാകുളം ജില്ലാ കബഡി ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ എ.ആർ രഞ്ജിത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കിലെ ചെയർമാൻ കെ.എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്യും.ഏഷ്യൻ ഗെയിംസ് കബഡി ഗോൾഡ് മെഡലിസ്റ്റും സംസ്ഥാന കബഡി ടെക്നിക്കൽ കമ്മിറ്റി ചെയർമാനുമായ ജഗദീഷ് കുമ്പള മുഖ്യാതിഥി ആയിരിക്കും. 24 ന് നടക്കുന്ന ആൺകുട്ടികളുടെ മത്സരം രാവിലെ 10.30 ന് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും മുൻ ഇന്ത്യൻ കബഡി താരം വി.എം അഷറഫ്, മുൻ ഇന്ത്യൻ റെയിൽവെ കബഡി താരം കെ.എ ഉമ്മർ എന്നിവരെ ആദരിക്കും

## ഭാഗ്യക്കുറി ക്ഷേമനിധി: യൂണിഫോം വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന്

**കൊച്ചി:** സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (നവംബർ 23) മൂന്നുമണിക്ക് എറണാകുളം ടി കെ രാമകൃഷ്ണൻ സ്മാരക സാംസ്കാരിക കേന്ദ്രത്തിൽ ചേരുന്ന യോഗത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കും.

യോഗത്തിൽ ടി ജെ വിനോദ് എം എൽ എ അധ്യക്ഷനും കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ വിശിഷ്ടാതിഥിയുമായിരിക്കും. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചെയർമാൻ ടി ബി സുബൈർ മുഖ്യപ്രഭാഷണം നടത്തും. നഗരസഭ കൗൺസിലർ പദ്മജ എസ് മേനോൻ ആശംസകൾ അർപ്പിക്കും.

## ലോ കോളേജിൽ ഒഴിവ്

**തിരുവനന്തപുരം:** തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ ലൈബ്രറി/സൈബർസ്റ്റേഷൻ അസിസ്റ്റന്റ് ഒഴിവിലേക്ക് പി.റ്റി.എ മുഖാന്തിരം ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും. ഉച്ചക്ക് 1 മണി മുതൽ 7 മണി വരെയാണ് പ്രവർത്തന സമയം. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള ഉദ്യോഗാർഥികൾ അസൽ രേഖകൾ സഹിതം ഡിസംബർ 4ന് ഉച്ചക്ക് 2 മണിക്ക് അഭിമുഖത്തിന് ഹാജരാകണം.

# റബർ കർഷകർക്ക് വീണ്ടും നല്ലകാലം, കുരുമുളകിന് വില ഇനിയും കൂടും

രാജ്യാന്തര രംഗത്തെ പ്രതികൂല ചലനങ്ങളും ഇന്ത്യയിലെ ഉത്പാദന ഇടിവും റബർ വിപണിക്ക് ഉണർവ് നൽകുന്നു. കനത്ത മഴയിൽ ടാപ്പിംഗ് കുറഞ്ഞതോടെ ആവശ്യത്തിന് ഷീറ്റ് വിപണിയിൽ എത്താതായതോടെ ആർ.എസ്.എസ് നാലിന്റെ വില 178 രൂപയിൽ നിന്ന് 183ൽ എത്തി. ബാങ്കോക്ക് വില അഞ്ച് രൂപയാണ് കുറഞ്ഞത്.ടയർ കമ്പനികൾ ആഭ്യന്തര വില കൂടാതിരിക്കാൻ വിപണിയിൽ നിന്ന് വിട്ടുനിന്നു. വരും ദിവസങ്ങളിലും വില കൂടിയേക്കും. എന്നാൽ വ്യാപാരി വിലയും റബർ ബോർഡ് വിലയും തമ്മിലുള്ള അന്തരം കിലോയ്ക്ക് എട്ട് രൂപ വരെ ഉയർന്നതിനാൽ സാധാരണ കർഷകർക്ക് ഇപ്പോഴും കാര്യമായ നേട്ടം ലഭിക്കുന്നില്ല.കിലോയ്ക്ക് 200 രൂപ ലഭിക്കും വരെ റബർഷീറ്റ്, ലാറ്റെക്സ്, ഒട്ടുപാൽ എന്നിവയുടെ വില്പനയ്ക്കെതിരെ പ്രചാരണം നടത്തും.

കുരുമുളക് വില മുകളിലേക്ക്ഉത്സവസീസൺ കഴിഞ്ഞിട്ടും കുരുമുളക് വില മുകളിലേക്ക് നീങ്ങി. കാലാവസ്ഥാ വ്യതിയാനം മൂലം ഉത്പാദനം കുറയുന്നതിനാൽ വില ഇനിയും കൂടിയേക്കും. ശ്രീലങ്കയിലെ ഗ്രേഡ് കുറഞ്ഞ മുളകിൽ ഹൈറേഞ്ച് കുരുമുളക് കലർത്തിയാണ് വ്യാപാരികൾ വിൽക്കുന്നത്.





# ഒരുലക്ഷം ഏക്കർ കൃഷിയിൽ സൗജന്യ സഹായങ്ങൾ എത്തിക്കാൻ ഡ്രോൺ ടെക് സ്റ്റാർട്ടപ്പ്

കേരളത്തിലും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലുമായി ഒരുലക്ഷം ഏക്കർ കൃഷിയിൽ ആവശ്യമായ സഹായങ്ങൾ സൗജന്യമായി നൽകാൻ ഡ്രോൺ ടെക് സ്റ്റാർട്ടപ്പായ ഫ്യൂസലേജ് ഇനവേഷൻസ്. വിളനിരീക്ഷണം, വളപ്രയോഗം തുടങ്ങിയവയിൽ നൂതന സാങ്കേതിക സഹായങ്ങൾ എത്തിക്കുന്നതിലൂടെ കർഷകർക്ക് മികച്ച വിളവ് ലഭിക്കുമെന്നാണ് വിലയിരുത്തൽ.

ആലപ്പുഴ മുല്ലയ്ക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രീ ഹരിഹരപുത്ര ധർമപരിപാലന സഭ ട്രസ്റ്റുമായി കൈകോർത്താണ് പദ്ധതി നടപ്പാക്കുന്നത്. പൂർണ ധനസഹായം ട്രസ്റ്റിലൂടെയാണ്. ഓരോ പ്രദേശത്തെയും ഭൂമിയുടെയും വിളകളുടെയും വൈവിധ്യമാർന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി, ഡ്രോൺ ഉപയോഗിച്ച് കൃഷി നിരീക്ഷിച്ച് പരിഹാരങ്ങൾചെയ്യും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സെന്ററിലാണ് നാലുവർഷമായി കമ്പനി പ്രവർത്തിക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെയാണ് ആരംഭിച്ചത്.

പിന്നാക്ക, ആദിവാസി മേഖലയിലുള്ളവർക്ക് പ്രഥമ പരിഗണന നൽകുമെന്ന് ഫ്യൂസലേജ് ഇനവേഷൻസ് എം.ഡി. ദേവൻ ചന്ദ്രശേഖരൻ പറഞ്ഞു. നാലു മാസത്തിനുള്ളിൽ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലെ കാർഷിക മേഖലയിൽ ആവശ്യമായ സാങ്കേതിക സേവനങ്ങളും ഉപകരണങ്ങളും ഒരുക്കും. ആധുനിക കാർഷികരീതികൾ നടപ്പാക്കും. വിള നിരീക്ഷണത്തോടൊപ്പം ഡ്രോൺ പകർത്തിയ ചിത്രങ്ങളുടെ രൂപത്തിലുള്ള ഡേറ്റ ചില എ.ഐ. ടൂളുകൾ ഉപയോഗിച്ച് വിശകലനംചെയ്യും. ശേഷം ആവശ്യമായ വളപ്രയോഗം നടത്തും.

ഗൂഗിൾ ഫോമിലൂടെ അപേക്ഷ ക്ഷണിച്ച് അർഹരായവരെ കണ്ടെത്തും. ആധുനികതയിലൂടെ കാർഷിക മേഖലയിൽ മാറ്റങ്ങൾ വരുത്തുകയാണ് ട്രസ്റ്റിന്റെ ലക്ഷ്യമെന്ന് മാനേജിങ് ട്രസ്റ്റി അജയ്കുമാർ കൈപ്പുഴ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലായി 5,200 കർഷകരുടെ ഉപഭോക്തൃ അടിത്തറ ഉറപ്പാക്കി. ഫ്യൂസലേജിന്റെ ഉപഭോക്താക്കളിൽ ഹാരിസൺ മലയാളം, സിന്തൈറ്റ്, ഇസ്കോ തുടങ്ങിയവയുണ്ട്. പത്തുലക്ഷം രൂപ വായ്പയെടുത്ത് ആരംഭിച്ച കമ്പനിയുടെ കഴിഞ്ഞവർഷത്തെ വിറ്റുവരവ് അഞ്ചരക്കോടി രൂപയായിരുന്നു.



# എട്ടുവർഷത്തിനിടെ രണ്ടര ഇരട്ടിയിലേറെ വളർച്ച, 25 ലക്ഷം ടണ്ണെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കേരളം

മലയാളികൾക്ക് കൃഷിയോടുള്ള താത്പര്യക്കുറവ് മാറിയതോടെ സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനം ഉയർന്നു. 201516ലെ 6.28 ലക്ഷം ടണ്ണിൽ നിന്ന് 202324ൽ 17.21 ലക്ഷം ടണ്ണായയാണ് വർദ്ധന. എട്ടു വർഷത്തിനിടെ രണ്ടര ഇരട്ടിയിലേറെ വളർച്ച.ഉത്പാദനം 25 ലക്ഷം ടണ്ണാക്കുകയെന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി ഉത്പാദന യജ്ഞത്തിന് അടുത്തിടെ സർക്കാർ അന്തിമരൂപം നൽകിയിരുന്നു, കൃഷി വകുപ്പിന് പുറമേ മറ്റ് വകുപ്പുകൾക്കും ചുമതലകൾ വിഭജിച്ച് നൽകിയാണ് പ്രവർത്തനം.സംസ്ഥാനത്ത് 1.15 ലക്ഷം ഹെക്ടറിൽ പച്ചക്കറിക്കൃഷിയുണ്ട്. ഈ സാമ്പത്തിക വർഷം 1231 ഹെക്ടറിൽ കൂടി വ്യാപിപ്പിക്കും. വീട്ടുവളപ്പിലെ കൃഷിത്തോട്ടങ്ങളും ഉത്പാദനം ഉയരാനൊരു കാരണമാണ്.സമഗ്ര പച്ചക്കറി ഉത്പാദന യജ്ഞത്തിന്റെ ഭാഗമായി തൈകളും വിത്തും കൃഷി വകുപ്പ് നൽകും. കൃഷി കൂട്ടായ്മകൾ ആരംഭിക്കും. കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, ശുചിത്വമിഷൻ, ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, റെസിഡന്റ്സ് അസോസിയേഷൻ, വിദ്യാർത്ഥികൾ, യുവജന ക്ലബ് തുടങ്ങിയവരെ പദ്ധതിയുടെ ഭാഗമാക്കും. വിപണനത്തിന് പ്രത്യേക സംവിധാനമൊരുക്കും.

**വേണ്ടത് 32 ടൺ**

പ്രതിവർഷം 32 ലക്ഷം ടൺ പച്ചക്കറി കേരളത്തിന് ആവശ്യമുണ്ട്. സവാള, ഉരുളക്കിഴങ്ങ് തുടങ്ങിയവയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരും. ശേഷിച്ചവയിലെ സ്വയം പര്യാപ്തതയാണ് ലക്ഷ്യം.പച്ചക്കറി ഉത്പാദന യജ്ഞത്തിന് കൃഷി വകുപ്പ് 60.48 കോടി, വി.എഫ്.പി.സി.കെ 18 കോടി, ഹോട്ടികൾച്ചർ മിഷൻ 15.54 കോടി, ത്രിതല പഞ്ചായത്തുകൾ 30.65 കോടി എന്നിങ്ങനെയാണ് നീക്കിവച്ചിട്ടുള്ളത്.

# തീർഥാടകർക്കായി പിൽഗ്രിം സെന്റർ സജ്ജം

**എരുമേലി:** വൃശ്ചികം ഒന്നുമുതൽ ധർമശാസ്താ ക്ഷേത്രത്തിൽ ആരംഭിച്ച കളമെഴുത്തും പാട്ടും 12 വിളക്ക് വരെ തുടരും. 27നാണ് 12 വിളക്ക്. അന്ന് പുലിപ്പുറത്തു വരുന്ന അയ്യപ്പനെയാണ് കളത്തിൽ വരയ്ക്കുന്നത്. ശ്രീരാജ് ആർ.ചിറക്കടവാണ് കളമെഴുതുന്നത്. ക്ഷേത്ര നാലമ്പലത്തിലെ മണ്ഡപത്തിൽ എഴുതുന്ന കളം 9ന് അത്താഴപ്പൂജയ്ക്കു ശേഷമാണ് മായ്ക്കുന്നത്. ക്ഷേത്രത്തിലെ എതിരേൽപിനു ശേഷം കളത്തിൽ പൂജ നടത്തും. ഇതിനു ശേഷമാണ് ദേവസ്തുതി പാടിയ ശേഷം കളം മായ്ക്കുന്നത്. ശബരിമല മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് ഡിടിപിസിയുടെ കീഴിലുള്ള എരുമേലി പിൽഗ്രിം സെന്ററിൽ തീർഥാടകർക്കായി സൗകര്യങ്ങളൊരുക്കി. 8 മുറികൾ, 2 മിനി ഹാൾ, ഒരു മെയിൻ ഹാൾ, 2 ഡോർമിറ്ററി, 4 ശുചിമുറി ബ്ലോക്കുകൾ എന്നിങ്ങനെയാണ് സജ്ജീകരിച്ചിട്ടുള്ളത്. മുറികൾക്ക് 900 രൂപ (രണ്ടു പേർക്ക്), ഡോർമിറ്ററി ഒരാൾക്ക് 100 രൂപ എന്നിങ്ങനെയാണ് നിരക്കുകൾ. ശുചിമുറി, ഓപ്പൺ ബാത്ത് സൗകര്യങ്ങൾ സൗജന്യമായി തീർഥാടകർക്കു നൽകും. 26 മുതൽ മണ്ഡലകാലം തീരുന്നതുവരെ ഈ സേവനം ലഭ്യമാണ്.

എരുമേലിയിലേക്കു ശബരിമല തീർഥാടകരെ സ്വാഗതം ചെയ്യുന്ന കമാനം മാഞ്ഞു. ദേവസ്വം ബോർഡാണ് ശബരിമല തീർഥാടകർ എത്തുന്ന കാഞ്ഞിരപ്പള്ളി റോഡിൽ എരുമേലിയിലേക്കു പ്രവേശിക്കുന്ന കൊരട്ടിയിൽ പാലത്തിൽ കമാനം സ്ഥാപിച്ചത്.

എരുമേലിയിൽ നിന്ന് പമ്പയിലേക്ക് പോകുന്ന ബസ് പോലുള്ള വലിയ വാഹനങ്ങൾ പൊലീസ് കരിങ്കല്ലുമ്മൂഴിയിൽ തടഞ്ഞ് മുക്കട, ഇടമൺ വഴി പോകാൻ നിർദേശിക്കുകയാണ്. എന്നാൽ ഇവിടെ നിന്നു പോകുന്ന ബസുകൾ തൊട്ടടുത്തുള്ള മറ്റന്നൂർക്കര വഴി തിരിഞ്ഞ് നെടുങ്കാവയലിലൂടെ വെച്ചൂച്ചിറ ഭാഗത്തേക്ക് പോകും. മറ്റന്നൂർക്കരയിൽ പൊലീസിന്റെ സേവനം ഇല്ലാത്തതാണ് ഈ റോഡിലൂടെ പോകാൻ കാരണം. ഗൂഗിൾ മാപ്പ് ഇട്ട് വരുന്നവർക്ക് ഈ വഴിയും പമ്പയിലേക്കു പോകാമെന്ന് നിർദേശം ലഭിക്കും. എന്നാൽ ഈ റോഡ് ഇടുങ്ങിയതും ബസുകൾക്ക് സൈഡ് നൽകാൻ ബുദ്ധിമുട്ടുള്ളതുമാണ്. എതിരെ വലിയ വാഹനങ്ങൾ വരുമ്പോൾ തീർഥാടക ബസുകൾ ഈ റോഡിൽ കുടുങ്ങിപ്പോകുന്നത് പതിവാണ്. വെച്ചൂച്ചിറയിൽ എത്തുന്ന വാഹനങ്ങൾ വഴിതെറ്റി അധികദൂരം ഓടുന്നതും നിത്യസംഭവമാണ്.



# അക്ഷരനഗരിയുടെ അക്ഷരമ്യൂസിയം ഒരുങ്ങി: ഉദ്ഘാടനം 26ന് മുഖ്യമന്ത്രി നിർവഹിക്കും

**കോട്ടയം:** അക്ഷരങ്ങളുടെ നാട്ടിൽ അറിവിൻറെ വിസ്മയമായി അക്ഷരങ്ങളുടെയും സാഹിത്യത്തിൻറെയും സംസ്കാരത്തിൻറെയും വലിയ മ്യൂസിയം ഉദ്ഘാടനത്തിനു തയാറായി. കേരള സർക്കാരിൻറെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിൻറെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘമാണ് നാട്ടകത്ത് എംസി റോഡരികത്ത് അക്ഷര മ്യൂസിയം ഒരുക്കിയിരിക്കുന്നത്.

അക്ഷര മ്യൂസിയത്തിൻറെ ഉദ്ഘാടനം 26ന് ഉച്ചകഴിഞ്ഞ് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കഴിഞ്ഞ മാസം ഉദ്ഘാടനം നിശ്ചയിച്ചെങ്കിലും ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തെത്തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു. മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്ന പ്രൗഢഗംഭീരമായ സദസിലാണ് ഉദ്ഘാടനം.

2020 ലെ സംസ്ഥാന ബജറ്റിൽ 15 കോടി രൂപ അക്ഷരമ്യൂസിയം പദ്ധതിയുടെ ആദ്യഘട്ടത്തിനായി അനുവദിച്ചിരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് 25,000 ചതുരശ്രയടിയിലാണ് മ്യൂസിയം. കുരുത്തോല ഉപയോഗിച്ചുള്ള ഫോക് ലോർ തത്തയാണ് അക്ഷര മ്യൂസിയത്തിൻറെ ഔദ്യോഗിക എംബ്ലം.

പരിസ്ഥിതിഭിന്നശേഷി സൗഹാർദ്ദപരമായി ഒരുക്കുന്ന മ്യൂസിയത്തോടൊപ്പം ലൈബ്രറി, ആർക്കൈവൽആർക്കിയോളജികകൽ ശേഖരം, പുസ്തകങ്ങളുടെ പ്രഥമപതിപ്പുകളുടെ ശേഖരം, ഗവേഷണകേന്ദ്രം, കോൺഫറൻസ് ഹാൾ, തിയറ്റർ, ഡിജിറ്റലൈസേഷൻ ലാബ് എന്നിവയുമുണ്ട്. പ്രഗത്ഭരായ സാഹിത്യകാരന്മാരുടെ രൂപങ്ങൾ, മെഴുക് പ്രതിമകൾ മ്യൂസിയം വളപ്പിൽ സ്ഥാപിക്കും. ഭാഷയുടെ ഉത്ഭവം മുതൽ സമകാലിക മുഖം വരെ അടയാളപ്പെടുത്തുന്ന ഗാലറിയാണ് ആദ്യത്തേത്.

ഗുഹാചിത്രങ്ങൾ, ചിത്രലിഖിതങ്ങൾ, എഴുത്തുപകരണങ്ങൾ, പ്രതലങ്ങൾ എന്നിവയുടെ മാതൃകകളും പ്രദർശിപ്പിച്ചിട്ടുണ്ട്. മലയാള കവിതയുടെ ചരിത്രവഴിയെ അടയാളപ്പെടുത്തുന്നതാണ് രണ്ടാംഘട്ടം. കഥ, ചെറുകഥ, നോവൽ, നാടകം, ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യങ്ങൾ എന്നിവയുടെ ഇന്നോളമുള്ള ചരിത്രം മൂന്നാംഘട്ട ഗാലറിയിൽ ഒരുക്കിയിരിക്കുന്നു.

വൈജ്ഞാനികസാഹിത്യം സർഗത്മകസാഹിത്യംപോലെ തന്നെ പ്രധാനമാണ് എന്ന ആശയത്തിൻറെ വിപുലീകരണമാണ് നാലാംഘട്ടം.

ഭാഷക്കും സാഹിത്യത്തിനും ഒരുപോലെ പ്രാധാന്യം കൊടുക്കുന്ന അക്ഷര മ്യൂസിയത്തോടൊപ്പംതന്നെ വിപുലീകൃതമായ രീതിയിൽ വിനോദസഞ്ചാര പ്രോജക്ടുമുണ്ട്. ലൈറ്റർ ടൂറിസം സർക്യൂട്ടിൻറെ പ്രഖ്യാപനം ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിക്കും.

അക്ഷരവുമായി ബന്ധപ്പെട്ടതും കോട്ടയം നഗരത്തിൻറെ പാരമ്പര്യത്തെയും പൈതൃകത്തെയും അടയാളപ്പെടുത്തുന്ന ഇടങ്ങളെയും സ്ഥാപനങ്ങളെയും കൂട്ടിയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

മലയാളത്തിൻറെ ആദ്യദിനപത്രം ദീപിക, കേരളത്തിലെ ആദ്യ കോളജായ സിഎംഎസ്, വിശുദ്ധ ചാവറയച്ചൻ സ്ഥാപിച്ച മാന്നാനത്തെ പ്രസ് എന്നിങ്ങനെ 16 പൈതൃക കേന്ദ്രങ്ങളാണ് ലൈറ്റർ ടൂറിസത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മ്യൂസിയത്തിൻറെ അടുത്ത ഘട്ടമായി ലൈബ്രറി, ഗവേഷണ കേന്ദ്രം എന്നിവ കൂടി സജ്ജമാക്കാൻ പദ്ധതിയുണ്ട്. എപ്പിഗ്രഫി, മ്യൂസിയോളജി, ആർകൈവിംഗ്, കൺസർവേഷൻ, പ്രിൻറിംഗ് എന്നിവയുമായി ബന്ധപ്പെട്ട പഠന പരിശീലന പരിപാടികളും ലക്ഷ്യമിടുന്നു.

# പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത പഠന സഹായം 60 കോടി രൂപ അനുവദിച്ചു

**തിരുവനന്തപുരം:** പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത പഠന സഹായം നൽകാൻ 60 കോടി രൂപ കൂടി സർക്കാർ അനുവദിച്ചു. ഈ തുക വിതരണം ചെയ്യുന്നതോടെ 202324 അധ്യയന വർഷം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും പഠന സഹായം ലഭിക്കും.

പട്ടിക വർഗക്കാരായ എല്ലാ വിദ്യാർത്ഥികളുടെയും പഠന സഹായം പൂർണ്ണമായും കൊടുത്തതായും മന്ത്രി ഒ ആർ കേളു പറഞ്ഞു. 2023 24 അധ്യയന വർഷം ഈ ഗ്രാന്റ്സ് പോർട്ടലിലൂടെ സാധുവായ അപേക്ഷ നൽകിയവർക്കെല്ലാം അക്കൗണ്ടിലേക്ക് പണം കൈമാറി.

മുൻ വർഷ കുടിശികകൾ ഉൾപ്പെടെ 270 കോടി രൂപ പട്ടിക ജാതിക്കാരായ കുട്ടികളുടെ ഉന്നത പഠന സഹായമായി ഈ വർഷം വിതരണം ചെയ്തു.

പട്ടിക ജാതിക്കാരായ 1,34,782 വിദ്യാർത്ഥികളാണ് ഉന്നത പഠന സഹായത്തിന് അപേക്ഷിച്ചിരുന്നത്.

202425 അധ്യയന വർഷത്തെ ഉന്നത പഠന സഹായത്തിന് അപേക്ഷ സ്വീകരിച്ച് തുടങ്ങി. ഫെബ്രുവരി 28 വരെ ഇ ഗ്രാന്റ്സ് പോർട്ടലിലൂടെ അപേക്ഷിക്കാം. ഇതിനായി പട്ടികജാതി വിഭാഗത്തിൽ 303 കോടി രൂപയുടെയും പട്ടികവർഗ വിഭാഗത്തിൽ 50 കോടി രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നു.

പട്ടിക വർഗ വിഭാഗത്തിൽ 14681 വിദ്യാർത്ഥികൾക്കാണ് 2023 24 അധ്യയന വർഷത്തെ ഉന്നത പഠന സഹായം പൂർണ്ണമായും നൽകിയത്. പബ്ലിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം വഴിയാണ് വിദ്യാർത്ഥികൾക്ക് തുക കൈമാറുന്നത്.

ശരാശരി 12 ലക്ഷത്തിലേറെ വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും ഉന്നത പഠന സഹായം നൽകുന്നതെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. വിദ്യാഭ്യാസ അവസരങ്ങൾ വിപുലപ്പെടുത്തിയതോടെ ഈ എണ്ണം ഇനിയും ഉയർന്നേക്കും.

വരുമാന പരിധിയുടെ പേരിൽ പട്ടികജാതി കുട്ടികൾക്ക് കേന്ദ്ര സർക്കാർ നിഷേധിച്ച തുക കൂടി ബജറ്റിൽ അധികമായി വകയിരുത്തിയാണ് കേരളം പഠനാനുകൂല്യങ്ങൾ നൽകുന്നതെന്നും മന്ത്രി ഒ ആർ കേളു കൂട്ടിച്ചേർത്തു.

# സുഗമമായ ഭരണസംവിധാനത്തിന് കൃത്യമായ ഓഡിറ്റിംഗ് അനിവാര്യം: ചീഫ് സെക്രട്ടറി

**തിരുവനന്തപുരം:** ഭരണ സംവിധാനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് കൃത്യമായ ഓഡിറ്റിംഗ് അനിവാര്യമാണെന്ന് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പറഞ്ഞു. ഏജീസ് ഓഫീസിലെ ഒ ആർ ഒ പി ഹാളിൽ നടന്ന ഓഡിറ്റ് ദിവസ് സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ചീഫ് സെക്രട്ടറി.

ജനങ്ങൾക്ക് സർക്കാർ പ്രവർത്തനങ്ങളിലും പദ്ധതികളിലും വിശ്വാസ്യത നൽകാനും കൂടുതൽ ശ്രദ്ധിക്കാനും മനസ്സിലാക്കാനും ഓഡിറ്റിംഗിലൂടെ കഴിയും. ഭരണപ്രക്രിയയെ മെച്ചപ്പെടുത്തുന്നതിനായി ഓഡിറ്റിംഗിൽ ഡിജിറ്റൽ സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തണം. സർക്കാർ സ്ഥാപനങ്ങളും ഓഡിറ്റ് സ്ഥാപനങ്ങളും സഹകരിച്ച് പ്രവർത്തിക്കുമ്പോൾ സുസ്ഥിരവും സുതാര്യവുമായ ഭരണസംവിധാനങ്ങൾ നടപ്പിലാക്കാനാകുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ പ്രീതി എബ്രഹാം, ഓഡിറ്റ് ആൻഡ് എൻടൈറ്റിൽമെന്റ് അക്കൗണ്ടന്റ് ജനറൽ അറ്റോർവ സിൻഹ, സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഡോ. ഡി അനീഷ്, ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ബാഷാ മുഹമ്മദ് ബി തുടങ്ങിയവർ സംസാരിച്ചു.

ഓഡിറ്റ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ഏജീസ് ഓഫീസിലെ ജീവനക്കാർക്കും കുട്ടികൾക്കുമായി നടന്ന മത്സരങ്ങളിലെ വിജയികൾക്കുള്ള പുരസ്കാരങ്ങൾ ചീഫ് സെക്രട്ടറി വിതരണം ചെയ്തു.

# ഒരു ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഒരു ആശുപത്രിക്ക് കൂടി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പാലക്കാട് കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രം 92.41 ശതമാനം സ്കോർ നേടിയാണ് എൻ.ക്യു.എ.എസ്. നേടിയത്.

ഇതോടെ സംസ്ഥാനത്തെ 190 ആശുപത്രികളാണ് ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർന്നത്. ഘട്ടം ഘട്ടമായി പരമാവധി ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

# ആക്സിസ് മൊമെന്റം ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് മ്യൂച്വൽ ഫണ്ട് മൊമെൻറം തീം പിന്തുടരുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ ആക്സിസ് മൊമെൻറം ഫണ്ട് അവതരിപ്പിച്ചു. നവംബർ 22 മുതൽ ഡിസംബർ 6 വരെയാണ് പുതിയ ഫണ്ട് ഓഫർ കാലാവധി.

കുറഞ്ഞത് 100 രൂപയാണ് അപേക്ഷാ തുക. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി അപേക്ഷിക്കാം. നിഫ്റ്റി 500 ടിആർ ഐ ആണ് അടിസ്ഥാന സൂചിക. മൊമെന്റം തീം അടിസ്ഥാനമാക്കി ഓഹരി, ഓഹരി അധിഷ്ഠിത നിക്ഷേപങ്ങൾ വഴി ദീർഘകാല മൂലധന നേട്ടം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിപണിയുടെ പ്രവണതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നവർക്ക് വിപുലമായ അവസരങ്ങളാണ് ഇന്ത്യൻ സമ്പദ്ഘടന ലഭ്യമാക്കുന്നതെന്ന് ആക്സിസ് മ്യൂച്വൽ ഫണ്ട് മാനേജിങ് ഡയറക്ടറും സിഇഒയുമായി ബി ഗോപകുമാർ പറഞ്ഞു.

# ഇംപ്രസാരിയോ മിസ് കേരള 2024: മത്സരാർഥികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ഇംപ്രസാരിയോ മിസ് കേരള 2024ൽ പങ്കെടുക്കുന്നതിനായുള്ള മത്സരാർഥികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു.

ലോകമെമ്പാടുമുള്ള മലയാളി പെൺകുട്ടികളെ പ്രതിനിധീകരിച്ച് ഭാഷ, സർഗ്ഗാത്മകത, അഭിരുചി, ആത്മവിശ്വാസം തുടങ്ങിയവയെല്ലാം ഉൾക്കൊണ്ട ഒരു യുവപ്രതിഭയായിരിക്കും 2024ലെ മിസ് കേരള വിജയി.

സൗന്ദര്യത്തിനപ്പുറം പ്രതിഭയുടെ വിവിധ വശങ്ങളായ ഭാഷ, സർഗ്ഗാത്മകത, ആത്മവിശ്വാസം, അഭിരുചി, സഹാനുഭൂതി തുടങ്ങിയ ഒട്ടേറെ മാനദണ്ഡങ്ങൾ മത്സരത്തിന്റെ മൂല്യനിർണയത്തിന്റെ ഭാഗമായിരിക്കും. വിവിധ മേഖലകളിലെ പരിശീലകരും വിദഗ്ധരും മിസ് കേരള 2024 മത്സരാർഥികളുടെ തയ്യാറെടുപ്പിന്റെ ഭാഗമായി അവരെ പരിശീലിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും എത്തുന്നതായിരിക്കും. മാതാപിതാക്കളിൽ ഒരാളെങ്കിലും മലയാളിയായിട്ടുള്ള 18 നും 25 നും ഇടയിൽ പ്രായമുള്ള അഞ്ചടി രണ്ടിഞ്ചിന് മീതെ ഉയരമുള്ള പെൺകുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.misskerala.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9567964888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

# നഗരസഭയുടെ പോട്ട് ഹോൾ പാച്ചിംഗ് മെഷീൻ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** കൊച്ചി നഗരസഭയിലെ പ്രധാന ആവശ്യമായിരുന്നു പോട്ട് ഹോൾ/ടാർ പാച്ചിംഗ് മെഷീൻ പ്രവർത്തനം ആ്

സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സി.എസ്.എം.എൽ ഫണ്ടുപയോഗിച്ചാണ് പാച്ചിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. 1.76 കോടി രൂപ സി.എസ്.എം.എൽ ഫണ്ടിൽ നിന്നും ചെലവഴിച്ചാണ് മെഷീൻ വാങ്ങിയതെന്ന് മേയർ അഡ്വ.എം.അനിൽകുമാർ പറഞ്ഞു.

സ്റ്റേഡിയം ലിങ്ക് റോഡിലെ കുഴികൾ അടയ്ക്കാൻ നഗരത്തിൽ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ മെഷീൻ പ്രവർത്തിപ്പിച്ചു. വളരെ വ്യാസമുള്ള കുഴികൾ പോലും കുറഞ്ഞ സമയത്തിനുള്ളിൽ അടച്ചു തീർക്കുവാൻ കഴിയുന്നുണ്ട്. സാധാരണയായി ഒരു കുഴി രൂപപ്പെട്ടു കഴിഞ്ഞാൽ, സാങ്കേതികാനുമതിയും, ഭരണാനുമതിയും ലഭ്യമാക്കി ടെണ്ടർ കഴിയുമ്പോഴേക്കും, കാലതാമസമുണ്ടാകും. ഹൈക്കോടതിയും, മാധ്യമങ്ങളും ഈ കാര്യത്തിൽ വിമർശനമുന്നയിച്ചിട്ടുള്ളതാണ്. മാത്രമല്ല ഗതാഗത തടസ്സവും, അപകടങ്ങളും ഈ കുഴികൾ മൂലം ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുന്നതാണ് പാച്ചിംഗ് മെഷീനെന്ന് വ്യക്തമായതായും മേയർ വ്യക്തമാക്കി. മെഷിനറിയുടെ പ്രവർത്തനം കമ്മീഷൻ ചെയ്യുന്ന വേളയിൽ, മേയറോടൊപ്പം പൊതുമരാമത്ത് സ്ഥിരം സമിതി ചെയർമാൻ അഡ്വ. വി.കെ. മിനിമോൾ, കൗൺസിലർ ജോർജ്ജ് നാനാട്ട്, നഗരസഭ സൂപ്രണ്ടിംഗ് എഞ്ചിനീയർ ബിജോയ് കെ.എൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

# അഖില കേരള ഭവൻസ് കലോത്സവം 24 ന്

**കൊച്ചി:** ഇരുപത്തിയാറാമത് അഖില കേരള ഭവൻസ് കലോത്സവത്തിലെ കാറ്റഗറി 5 ഹയർ സെക്കൻഡറി വിഭാഗത്തിലെ മത്സരങ്ങൾ നവംബർ 24 ന് ഗിരിനഗർ ഭവൻസ് വിദ്യാമന്ദിറിൽ നടക്കും. സംവിധായകൻ തരുൺ മൂർത്തി ഉദ്ഘാടനം ചെയ്യും. കേരളത്തിലെ ഭാരതീയ വിദ്യാഭവൻ കീഴിലുള്ള 21 വിദ്യാലയങ്ങളിൽ നിന്നായി നാനൂറോളം കുട്ടികൾ പങ്കെടുക്കും.




# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ദേശീയതല ക്വിസ് മത്സരം യു ജീനിയസ് 3.0 ഫൈനൽ സംഘടിപ്പിച്ചു

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ നടത്തുന്ന ദേശീയതല ക്വിസ് മത്സരമായ 'യുജീനിയസ് 3.0' യുടെ ഫൈനൽ മുംബൈയിൽ നടന്നു.

ബെംഗളൂരു സെന്റ് പോൾസ് ഇംഗ്ലീഷ് സ്കൂളിലെ ആദിത്യ ഗിരിയും നമൻ ഭോട്ടികയുമാണ് മത്സരത്തിലെ വിജയികൾ. ഭോപ്പാൽ ജവഹർലാൽ നെഹ്റു പബ്ലിക് സ്കൂളിലെ കബീർ ദുബെയും ഹർഷ് ഖണ്ഡേക്കറും ഫസ്റ്റ് റണ്ണറപ്പായി. ജയ്പൂർ ജയശ്രീ പെരിവാൾ ഹൈസ്കൂളിലെ ആദിത്യ ഗുപ്തയും യുവരാജ് നവലാഖയും രണ്ടാം റണ്ണറപ്പായി.

8 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്കായി ഇന്ത്യയിലെ 48 നഗരങ്ങളിലായി സംഘടിപ്പിച്ച മത്സരത്തിൽ 3700 ലധികം സ്കൂളുകളിൽ നിന്നായി 12500 ലധികം ടീമുകൾ പങ്കെടുത്തു.

വിദ്യാർത്ഥികളിൽ മത്സര മനോഭാവം വളർത്തുന്നതിനും ബൗദ്ധിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുമാണ് യുജീനിയസ് ക്വിസ് മത്സരം ആരംഭിച്ചതെന്ന് യൂണിയൻ ബാങ്ക് എംഡിയും സിഇഒയുമായ എ.മണിമേഖല പറഞ്ഞു.

വിജയികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും സഹിതം 2 ലക്ഷം രൂപ സമ്മാനമായി ലഭിച്ചു. ഫസ്റ്റ് റണ്ണർഅപ്പ് ടീമിന് 1,00,000 രൂപ ക്യാഷ് പ്രൈസും സെക്കൻഡ് റണ്ണർ അപ്പ് ടീമിന് 50,000/ രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും ട്രോഫികളും സമ്മാനിച്ചു.

# പിസിഎഎഫ് ൽ പഞ്ചാബ് നാഷണൽ ബാങ്ക് ഒപ്പു വച്ചു

**ന്യൂഡൽഹി:** കാലാവസ്ഥാ ഉത്തരവാദിത്തത്തോടുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തിക്കൊണ്ട് മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) കാർബൺ അക്കൗണ്ടിംഗ് ഫിനാൻഷ്യൽസിനായുള്ള ആഗോള പങ്കാളിത്തമായ പാർട്ണർഷിപ്പ് ഫോർ കാർബൺ അക്കൗണ്ടിംഗ് ഫൈനാൻഷ്യൽസ് ൽ (പിസിഎഎഫ്) ഒപ്പുവെച്ചു.202324 സാമ്പത്തിക വർഷത്തിൽ, ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു രീതിശാസ്ത്രമായ പിസിഎഎഫ് സ്റ്റാൻഡേർഡ് ഉപയോഗിച്ച് ബിസിനസ് റെസ്പോൺസിബിലിറ്റി ആൻഡ് സസ്റ്റൈനബിലിറ്റി റിപ്പോർട്ടിൽ (ബിആർഎസ്ആർ) പിഎൻബി തങ്ങളുടെ സാമ്പത്തിക ഉദ്വമനം വെളിപ്പെടുത്തിയിരുന്നു .

പിസിഎഎഫിൽ ചേരാനുള്ള ബാങ്കിന്റെ തീരുമാനം കാലാവസ്ഥാ സംബന്ധിയായ സാമ്പത്തിക അപകടസാധ്യത വെളിപ്പെടുത്തലുകളെക്കുറിച്ചുള്ള റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) ഡ്രാഫ്റ്റ് ചട്ടക്കൂടുമായി യോജിക്കുന്നു.

ഇത് സാമ്പത്തിക വർഷം മുതൽ കാലാവസ്ഥയുമായി ബന്ധപ്പെട്ട സാമ്പത്തിക അപകടസാധ്യതകൾക്കും അവസരങ്ങൾക്കുമുള്ള ഭരണം, തന്ത്രം, റിസ്ക് മാനേജ്മെന്റ് എന്നിവയെക്കുറിച്ച് ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുന്നു.

പിസിഎഎഫ് ഒപ്പു വച്ചതിലൂടെ , ശക്തമായ ജിഎച്ച്ജി അക്കൗണ്ടിംഗ് സമ്പ്രദായങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ പ്രതിജ്ഞാബദ്ധമായ ധനകാര്യ സ്ഥാപനങ്ങളുടെ ഒരു അന്താരാഷ്ട്ര ശൃംഖലയി ലേക്ക് പിഎൻബി യും ചേരുകയാണ് . ഈ അസോസിയേഷൻ പിഎൻബി ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ, പരിശീലനം, ഇന്ത്യയ്ക്ക് അനുയോജ്യമായ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടെയുള്ള എമിഷൻ ഡാറ്റ എന്നിവ വാഗ്ദാനം ചെയ്യുന്നു. ഇതോടൊപ്പം ജി എച്ച് ജി അക്കൗണ്ടിംഗ് സ്റ്റാൻഡേർഡുകൾ പരിഷ്കരിക്കുന്നതിനും വർക്ക്ഷോപ്പുകളിലൂടെയും വെബിനാറുകളിലൂടെയും പിയർടുപിയർ പരിപാടികളിൽ നിന്നും പ്രയോജനം നേടുന്നതിനും ബാങ്ക് ആഗോള വർക്കിംഗ് ഗ്രൂപ്പുകളിൽ സജീവമായി ഏർപ്പെടും.

# ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര സഹകരണ വർഷം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും

**ന്യൂഡൽഹി:** ഐക്യരാഷ്ട്രസഭയുടെ അന്താരാഷ്ട്ര സഹകരണ വർഷം 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. നവംബർ 25 മുതൽ 30 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് പരിപാടി നടക്കുക. ആഗോള സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന സംഘടനയായ ഇന്റർനാഷണൽ കോഓപ്പറേറ്റീവ് അലയൻസിന്റെ (ഐസിഎ) 130 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഐസിഎ ജനറൽ അസംബ്ലിയും ആഗോള സഹകരണ സമ്മേളനവും ഇന്ത്യയിൽ നടക്കുന്നത്. നവംബർ 25 ന് വൈകിട്ട് മൂന്നിന് നടക്കുന്ന ഉദ്ഘാടനത്തിൽ കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ പങ്കെടുക്കും. അന്താരാഷ്ട്ര സഹകരണ വർഷം 2025 ന്റെ സ്മരണാർത്ഥം ചടങ്ങിൽ സ്റ്റാമ്പ് പ്രകാശനം ചെയ്യും.

ഭൂട്ടാൻ പ്രധാനമന്ത്രി ഡാഷോ ഷെറിംഗ് ടോബ്ഗെ, ഫിജി ഉപപ്രധാനമന്ത്രി മനോവ കാമികമിക എന്നിവരും ചടങ്ങിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കും. 'സഹകരണ സംഘങ്ങൾ എല്ലാവർക്കും സമൃദ്ധി സൃഷ്ടിക്കുന്നു' എന്നതാണ് പരിപാടിയുടെ പ്രമേയം. സഹകരണ സംഘങ്ങളുടെ വികസനത്തിനും അന്താരാഷ്ട്ര സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികൾക്കോ സംഘടനകൾക്കോ നൽകുന്ന റോച്ച്ഡെയ്ൽ പയനിയേഴ്സ് അവാർഡ് 2025 ഈ പരിപാടിയിൽ സമ്മാനിക്കും. 2130 നൂറ്റാണ്ടിൽ എല്ലാവർക്കും സമൃദ്ധി എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നതെന്ന് കേന്ദ്ര സഹകരണ മന്ത്രാലയം സെക്രട്ടറി ഡോ.ആശിഷ് കുമാർ ഭൂട്ടാനി പറഞ്ഞു.

# കൊച്ചി വിമാനത്താവളത്തിൽ ശബരിമല ഇൻഫർമേഷൻ സെന്റർ

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശബരിമല ഇൻഫർമേഷൻ സെന്റർ ആരംഭിച്ചു. തിരുവിതാംകൂർ ദേവസ്വം പ്രസിഡന്റ് അഡ്വ. പി. എസ്. പ്രശാന്ത് ഉദ്ഘാടനം ചെയ്തു.സിയാൽ എയർപോർട്ട് ഡയറക്ടർ ജി മനു, സി.എഫ്.ഒ സജി ഡാനിയേൽ, ജനറൽ മാനേജർ ടി. രാജേന്ദ്രൻ , തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർമാരായ അഡ്വ. എ. അജികുമാർ, സുന്ദരേശൻ, സൗത്ത് ഇന്ത്യൻ ബാങ്ക് ബ്രാഞ്ച് ബാങ്കിങ് ജോയിന്റ് ജനറൽ മാനേജർ പി. കൃഷ്ണകുമാർ, ഡിജിറ്റൽ ആന്റ് ടെക്നോളജി ഡെപ്യൂട്ടി ജനറൽ മാനേജർ റോബി ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ആഭ്യന്തര ടെർമിനൽ ( ടി 1) ആഗമന ഭാഗത്താണ് കൗണ്ടർ ആരംഭിച്ചിരിക്കുന്നത്. ശബരിമല തീർത്ഥാടകർക്കും ഭക്തർക്കും 24 മണിക്കൂർ സേവനം ലഭ്യമാകുന്ന രീതിയിലാണ് സെന്റർ പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. ഇൻഫർമേഷൻ സെന്ററിലുള്ള ഡിജിറ്റൽ കൗണ്ടർ വഴി അപ്പം, അരവണ പ്രസാദം ഡിജിറ്റലായി ബുക്ക് ചെയ്യാവുന്നതാണ്. സൗത്ത് ഇന്ത്യൻ ബാങ്കുമായി സഹകരിച്ചാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഇവിടെ ബുക്ക് ചെയ്ത രസീതുമായി ശബരിമല മാളികപ്പുറം നടയ്ക്കടുത്തുള്ള എസ്.ഐ.ബി കൗണ്ടറിൽ ചെന്നാൽ പ്രസാദം ലഭ്യമാകും. അന്നദാനത്തിനും മറ്റുമുള്ള സംഭാവനകളും ക്യൂ.ആർ കോഡ് വഴിയും ഡിജിറ്റൽ കാർഡ് വഴിയും സിയാലിലെ ഡിജിറ്റൽ കൗണ്ടർ വഴി നടത്താവുന്നതാണ്. അതോടൊപ്പം വഴിപാടുകൾ നടത്താനുള്ള 'ഇകാണിക്ക' സൗകര്യവും സെന്ററിൽ ഒരുക്കിയിട്ടുണ്ട്. കൊച്ചി വിമാനത്താവളത്തിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം ഒരുക്കിയിട്ടുണ്ട്. തീർത്ഥാടകർക്ക് വിശ്രമിക്കാനും മറ്റുമുള്ള അടിസ്ഥാനസൗകര്യങ്ങൾക്കൊപ്പം ഇടത്താവളത്തിനുള്ളിൽ തന്നെ ഫ്ലൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ, സമീപത്തായി പ്രീ പെയിഡ് ടാക്സി കൗണ്ടർ, കുറഞ്ഞ ചെലവിൽ സിയാലിലെ 0484 എയ്റോ ലോഞ്ചിൽ താമസസൗകര്യം എന്നിവയും ലഭ്യമാണ്. സിയാലിൽ നിന്നും പമ്പയിലേക്കുള്ള കെ.എസ്.ആർ.ടി.സി യുടെ സ്പെഷ്യൽ സർവ്വീസ് എല്ലാ ദിവസവും രാത്രി 8 മണിക്ക് പ്രവർത്തനം നടത്തി വരുന്നു.







# ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് കൊല്ലത്ത് പുതിയ ഔട്ട്ലെറ്റ് തുറന്നു

**കൊല്ലം:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് കൊല്ലത്ത് പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്തു. പുതിയ ഔട്ട്ലെറ്റുകൾ തുറന്നതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം പത്തായി ഉയർന്നു. രാജ്യത്തുടനീളം 26 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 990 ബാങ്കിങ് ഔട്ട്ലെറ്റുകളിലും ബാങ്ക് എത്തി. സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനും പ്രകൃതിരമണീയമായ കായലുകൾക്കും പേരുകേട്ട പ്രദേശമാണ് കൊല്ലത്തെ പ്രാദേശിക സമൂഹത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിനുള്ള ഒരു അതുല്യമായ അവസരമാണ് പുതിയ ഔട്ട്ലെറ്റിലൂടെ ഞങ്ങൾക്ക് ലഭിക്കുന്നതെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്കിന് കഴിയും. ബാങ്കിങ് ഔട്ട്ലെറ്റ് ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ ബാങ്കിങ് ശേഷി, എടിഎം നെറ്റ്വർക്ക് എന്നിവ ഉപയോഗിച്ച് സംയോജിത ഉപഭോക്തൃ സേവനവും ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ഇതുകൂടാതെ, ഇന്റർനെറ്റ് ബാങ്കിങ്, മൊബൈൽ ബാങ്കിങ്, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ), കോൾ സെന്റർ എന്നിങ്ങനെ ഒന്നിലധികം മാർഗങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ട്.

# ഏജിസ് വോപാക് ടെർമിനൽസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഏജിസ് ലോജിസ്റ്റിക്സ് ലിമിറ്റഡിന്റെ മെറ്റീരിയൽ സബ്സിഡിയറിയായ ഏജിസ് വോപാക് ടെർമിനൽസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരി ഒന്നിന് 10 രൂപ വീതം മുഖവിലയുള്ള 3,500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ബിഎൻപി പാരിബാസ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ് എന്നിവരാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഐകൂ 13 ഡിസംബർ 3ന് പുറത്തിറങ്ങും

**കൊച്ചി :**ഐകൂയുടെ ഏറ്റവും പുതിയ സ്മാർട്ട്ഫോൺ ഐകൂ 13 ഡിസംബർ 3ന് പുറത്തിറങ്ങും. അതിവേഗ പെർഫോമൻസ്, അത്യാധുനിക ക്യാമറ, മികച്ച ഡിസൈൻ, നീണ്ടുനിൽക്കുന്ന ബാറ്ററി ലൈഫ്, ഇമ്മേർസീവ് ഡിസ്പ്ലേ സാങ്കേതികവിദ്യ തുടങ്ങിയ സമാനതകളില്ലാത്ത ഫീച്ചറുകൾ സമന്വയിപ്പിച്ചാണ് ഫോൺ പുറത്തിറക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.സ്നാപ്ഡ്രാഗൺ 8 എലീറ്റ് എന്ന ഏറ്റവും വേഗതയേറിയ പ്രോസസറിൽ പ്രവർത്തിക്കുന്ന ഫോണിൽ സൂപ്പർകംപ്യൂട്ടിംഗ് ചിപ്പ് ക്യു2വും 2കെ ഗെയിം സൂപ്പർ റെസല്യൂഷനും 144 ഫ്പിഎസ് ഗെയിം ഫ്രെയിം ഇന്റർപൊളേഷനുമുണ്ട്. ഏറ്റവും മികച്ച ഗെയിമിംഗ് അനുഭവം നൽകാൻ സാധിക്കുന്നൊരു കോമ്പിനേഷനാണിത്. 7000എംഎം വിസി കൂളിംഗ് സിസ്റ്റം ഉള്ളതിനാൽ ഫോൺ ചൂടാകാതിരിക്കും.ലോകത്തിലാദ്യമായി ക്യു10 2കെ 144ഹെർഡ്സ് അൾട്രാ ഐകെയർ ഡിസ്പ്ലേ അവതരിപ്പിക്കുന്നെന്ന പ്രത്യേകതയുമുണ്ട്. 50എംപി ഐ എം എക്സ് 921 + 50എം പി സോണി 100എംഎം പോർട്രെയ്റ്റ് + 50എംപി അൾട്രാ വൈഡ് ക്യാമറയ്ക്കൊപ്പം 32എംപി ഫ്രണ്ട് ക്യാമറയുമുണ്ട്.കോളുകളും മെസേജുകളും വരുമ്പോഴും ചാർജ് ചെയ്യുമ്പോഴും അലേർട്ട് നൽകുന്ന മോൺസ്റ്റർ ഹാലോ ലൈറ്റിംഗും ഫോണിൽ ചേർത്തിട്ടുണ്ട്. 6000 എംഎഎച്ച് ബാറ്ററിയും 120 വാട്ട് ഫാസ്റ്റ് ചാർജിംഗ് ടെക്നോളജിയും ഫോണിലുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഓപ്പോ ഫൈൻഡ് എക്സ് സീരീസ് അവതരിപ്പിച്ചു



**കൊച്ചി :** ഓപ്പോ ഇന്ത്യ ഇന്ത്യയിൽ ഓപ്പോ ഫൈൻഡ് എക്സ് സീരീസ് അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഫ്ളാഗ്ഷിപ്പ് മീഡിയ ടെക് ഡിമെൻസിറ്റി 9400 എസ്ഒസി,രണ്ട് ടെലിഫോട്ടോ സ്നാപ്പറുകൾ സഹിതം തികച്ചും പുതിയ ക്വാഡ് ക്യാമറ സിസ്റ്റം, ഉയർന്ന സാന്ദ്രതയുള്ള ക്വിക്ക്ചാർജ്ജിംഗ് സിലിക്കൺ കാർബൈഡ് ബാറ്ററി, ഫോട്ടോഗ്രാഫിക്കും പ്രൊഡക്റ്റിവിറ്റിക്കുമായി നിരവധി എഐ ഫീച്ചറുകളോടെ കളർഒഎസ് 15 എന്നിവയിൽ ഫൈൻഡ് എക്സ് സീരീസ് ഇവയെല്ലാം ഉൾക്കൊള്ളുന്നത് ഐപി68 ഐപി69 റേറ്റഡ് ദൃഢതയിലും ഭാരം കുറഞ്ഞ ബിൽഡിലുമാണ്.

16ജിബി റാം + 512ജിബി സ്റ്റോറേജുമായി വരുന്ന ഫൈൻഡ് എക്സ് മോഡലിന് ഐഎൻആർ 99,999 ഉം . 12ജിബി + 25ജിബി വേരിയന്റിന് കചഞ 69,999 ഉം , 16ജിബി + 512ജിബി വേരിയന്റിന് ഐഎൻആർ എന്നിങ്ങനെയാണ് വില

## യുടിഐ ആസ്തികൾ 3900 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ ലാർജ് ആന്ഖ് മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 3900 കോടി രൂപ കടന്നതായി 2024 ഒക്ടോബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ടിന്റെ ഏകദേശം 48 ശതമാനം ലാർജ് ക്യാപ് ഓഹരികളിലും, 39 ശതമാനം മിഡ് ക്യാപ് ഓഹരികളിലും ബാക്കിയുള്ളത് സ്മോൾ ക്യാപ് ഓഹരികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, ഐടിസി ലിമിറ്റഡ്, ഇൻഫോസിസ് ലിമിറ്റഡ്, മാക്സ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, വേദാന്ത ലിമിറ്റഡ്, ഫെഡറൽ ബാങ്ക് ലിമിറ്റഡ്, ഡാൽമിയ ഭാരത് ലിമിറ്റഡ്, ആദിത്യ ബിർള ക്യാപിറ്റൽ ലിമിറ്റഡ്, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് തുടങ്ങിയവയിലാണ് ഏകദേശം 33 ശതമാനം വരുന്ന നിക്ഷേപവും.2009 ലാണ് ഈ പദ്ധതി ആരംഭിച്ചത്. നിക്ഷേപത്തിൻറെ ആപേക്ഷിക മൂല്യ ശൈലിയോടുള്ള മുൻവിധിയോടെ ലാർജ്, മിഡ് മാർക്കറ്റിൽ മൂലധനമാക്കി മാറ്റുന്ന സ്റ്റോക്കുകളിൽ നിക്ഷേപിക്കുന്ന ഒരു പോർട്ട്ഫോളിയോ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് അനുയോജ്യമായതാണ് യുടിഐ ലാർജ് & മിഡ് ക്യാപ് ഫണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ബദാം ശീലമാക്കുന്നത് വ്യായാമശേഷമുള്ള റിക്കവറിയെ സഹായിക്കുമെന്ന് ഗവേഷണഫലം

**കൊച്ചി:** പതിവായി ബദാം കഴിക്കുന്നത് വ്യായാമത്തിന് ശേഷമുള്ള വേദനയും പേശികളുടെ കേടുപാടുകളും കുറച്ച് സുഖം പ്രാപിക്കാൻ സഹായിക്കുമെന്ന് അൽമോണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ സഹായത്തോടെ നടന്ന ഗവേഷണത്തെക്കുറിച്ച് കറന്റ് ഡെവലപ്മെന്റ്സ് ഇൻ ന്യൂട്രീഷ്യനിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

.പേശികളുടെ തളർച്ചയും വേദനയും കുറയ്ക്കാനും ആരോഗ്യം വീണ്ടെടുക്കാനും സഹായിക്കുന്ന ബദാം അടക്കമുള്ള ഭക്ഷണങ്ങൾ വ്യായാമശീലങ്ങൾ തുടരുന്നതിന് മികച്ച രീതിയിൽ സഹായിക്കുമെന്നും ഗവേഷണത്തിൽ കണ്ടെത്തി.

ആഴ്ചയിൽ ഒന്ന് മുതൽ നാല് മണിക്കൂർ വരെ വ്യായാമം ചെയ്യുകയും ആരോഗ്യകരമായ ഭാരം അല്ലെങ്കിൽ നേരിയ അമിതഭാരം (ബോഡി മാസ് ഇൻഡക്സ് (ബിഎംഐ) 2330) ഉള്ളവരുമായ 26 മധ്യവയസ്കരിൽ നടത്തിയ പരീക്ഷണത്തിലാണ് ഇക്കാര്യം വ്യക്തമായത്. ഫിറ്റ്നസ് വീണ്ടെടുക്കുന്നതിൽ ബദാം വഹിച്ചേക്കാവുന്ന പങ്കിനെക്കുറിച്ച് ഈ ഗവേഷണഫലം കൂടുതൽ ഉൾക്കാഴ്ച നൽകുന്നതായി സാൻ ഡീഗോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ വ്യായാമ, പോഷകാഹാര ശാസ്ത്ര പ്രൊഫസർ ഡോമാർക്ക് കെൻ, പിഎച്ച്ഡി, ആർഡി, സിഎസ്എസ്ഡി പറയുന്നു

ബദാം ഒരു പോഷക ശക്തികേന്ദ്രമാണ്, അടുത്തിടെ നടത്തിയ ഗവേഷണങ്ങൾ ആരോഗ്യമുള്ള അല്ലെങ്കിൽ നേരിയ അമിതഭാരമുള്ള മുതിർന്നവരിൽ പേശികളുടെ വീണ്ടെടുക്കലിനെ സഹായിക്കുന്നതിൽ അവയുടെ പങ്ക് വ്യക്തമാക്കുന്നു. രണ്ട് മാസത്തേക്ക് ദിവസവും രണ്ട് ഔൺസ് ബദാം കഴിക്കുന്നത് വ്യായാമം ചെയ്യുന്ന വ്യക്തികളിൽ പേശിവേദനയും കേടുപാടുകളും കുറയ്ക്കുമെന്ന് കാണിക്കുന്നതായി ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു.




## സാംസങ്ങ് ആർ ആന്റ് ഡി ഇൻസ്റ്റിറ്റ്യൂട്ടും ഐഐടി ബോംബയും ധാരണാപത്രത്തിൽ ഒപ്പുവച്ചു

**കൊച്ചി:** ബോംബെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി (ഐഐടി ബോംബെ) ധാരണാപത്രത്തിൽ (എംഒയു) ഒപ്പുവച്ച് നോയ്ഡയിലെ സാംസങ്ങ് ആർ&ഡി ഇൻസ്റ്റിറ്റ്യൂട്ട്. നിർമ്മിത ബുദ്ധി, ഡിജിറ്റൽ ഹെൽത്ത് തുടങ്ങിയ മേഖലകളിൽ പുതിയ ഗവേഷണങ്ങൾ മുൻനിർത്തിയാണ് ധാരണാപത്രം ഒപ്പുവച്ചിരിക്കുന്നത്. സംയുക്ത ഗവേഷണ പദ്ധതികൾക്കായി അഞ്ച് വർഷത്തെക്കാണ് ഈ പങ്കാളിത്തം. ഐഐടി മുംബൈയിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സാംസങ്ങിലെ എഞ്ചിനീയർമാരുമായി ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.സാംസങ്ങിലെ എഞ്ചിനീയർമാർക്ക് ഐഐടി ബോംബെയിൽ നിന്നും ലഭിക്കുന്ന പ്രത്യേക പരിശീലനവും സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളും അവരെ ഡിജിറ്റൽ ഹെൽത്ത്, എഐ പോലുള്ള നവീന സാങ്കേതിക വിദ്യകൾ കൈകാര്യം ചെയ്യുവാൻ പ്രാപ്തിയുള്ളവരാക്കുകയും ചെയ്യും. എസ്ആർഐഎനോയിഡ മാനേജിങ്ങ് ഡയറക്ടർ ക്യുംങ്യുൻ റൂ, ഐഐടി മുംബൈയിലെ റിസർച്ച് ആന്റ് ഡവലപ്പ്മെന്റിലെ അസോസിയേറ്റ് ഡീനായ പ്രൊഫസർ ഉപേന്ദ്ര വി ഭണ്ഡാർക്കർ എന്നിവർ ഈ ധാരണാപത്രത്തിൽ ഔദ്യോഗികമായി ഒപ്പുവച്ചു. ഐഐടി മുംബൈയിൽ നടന്ന ചടങ്ങിൽ കെസിഡിഎച്ച് ഹെഡ്സ് പ്രൊഫസർ രഞ്ജിത് പടിഞ്ഞാറ്റേരി, പ്രൊഫസർ നിർമ്മൽ പഞ്ചാബി, ഡോക്ടർ രാഘവേന്ദ്രൻ ലക്ഷ്മി നാരായണൻ എന്നിവരടക്കമുള്ള കോയിറ്റ സെന്റർ ഫോർ ഡിജിറ്റൽ ഹെൽത്തിലെ (കെസിഡിഎച്ച്) ഫാകൽറ്റി അംഗങ്ങളും പങ്കെടുത്തു.




## അസറ്റ് ജെജിടിയുടെ ആനന്ദമാളിക കൊച്ചിയിൽ നിർമാണമാരംഭിച്ചു

**കൊച്ചി:** സിജിഎച്ച് എർത്ത് ഗ്രൂപ്പ് കമ്പനിയായ ജെജിടി ലിവിംഗ് സ്പെയ്സസിന്റേയും അസറ്റ് ഹോംസിന്റേയും സംയുക്തസംരംഭമായ അസറ്റ് ജെജിടിയുടെ ആദ്യപദ്ധതിയായ ആനന്ദമാളിക കൊച്ചി ജവഹർ നഗറിൽ നിർമാണമാരംഭിച്ചു. അസറ്റ് ഹോംസ് ബ്രാൻഡ് അംബാസർമാരായ പൃഥിരാജ്, ആശാ ശരത് എന്നിവർ ചേർന്ന് പ്രഖ്യാപനം നിർവഹിച്ചു. അസറ്റ് ജെജിടി ഡയറക്ടർമാരായ സുനിൽ കുമാർ വി., ജോസഫ് ഡൊമിനിക്, ജെജിടി ലിവിംഗ് സ്പെയ്സസ് എംഡി തോമസ് ഡൊമിനിക്, സിജിഎച്ച് ഡയറക്ടർ ജോസ് ഡൊമിനിക്, ആർക്കിടെക്റ്റ് ടോണി ജോസഫ്, അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ തുടങ്ങിയവർ പങ്കെടുത്തു.3733 ചതുരശ്രഅടി മുതൽ 3958 ചതുരശ്രഅടി വരെ വിസ്തൃതിയുള്ള 3, 4 ബെഡ്റൂമുകളുടെ 21 സൂപ്പർ ലക്ഷ്വറി അപ്പാർട്മെന്റുകൾ മാത്രമാണ് ഈ പദ്ധതിയിലുണ്ടാവുക. സംസ്ഥാനത്താദ്യമായി കൺസിയെർജ്, ഹൗസ്കീപ്പിംഗ് സേവനങ്ങൾ ലഭ്യമാക്കുന്ന അപ്പാർട്മെന്റ് പദ്ധതിയാകും ആനന്ദമാളികയെന്ന് ജോസഫ് ഡൊമിനിക് പറഞ്ഞു.അസറ്റ് ജെജിടിയുടെ രണ്ടാമത് പദ്ധതിയായ സ്വപ്നമാളികയുടെ ലോഗോ ആർക്കിടെക്റ്റ് സിറിളിനു നൽകി ആശാ ശരത് പ്രകാശനം ചെയ്തു. ജോസ് ഡൊമിനിക്, സൂസന്ന മുത്തൂറ്റ് തുടങ്ങിയവർ പങ്കെടുത്തു.ആതിഥേയ വ്യവസായരംഗത്തെ പ്രമുഖ സാന്നിധ്യമായ സിജിഎച്ച് ഗ്രൂപ്പിന്റെ ഭാഗമായ ജെജിടിയുമായുള്ള സംയുക്തസംരഭം സൂപ്പർ ലക്ഷ്വറി പാർപ്പിട പദ്ധതികളുടെ നിർമാണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് ചടങ്ങിൽ സംസാരിച്ച സുനിൽ കുമാർ വി. പറഞ്ഞു. രണ്ട് മേഖലകളിലും കമ്പനികൾ ആർജിച്ച ഉന്നത ഗുണനിലവാരവും അനുഭവസമ്പത്തും സംയുക്തസംരഭം നടപ്പാക്കുന്ന പദ്ധതികളിൽ പ്രതിഫലിക്കുമെന്നും അദ്ദേഹം പറഞ്ഞു.

